# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

JULY-AUGUST 2025 No. 4/25



For Private Circulation Only

# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**



**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**



**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**


## ഉള്ളടക്കം


- ഉപജീവനം മുഴുവൻ നല്കിയ വിധവ....1
- ദൈവസ്നേഹം....3
- കൂടെയിരിക്കുന്ന ദൈവം....6
- ക്രിസ്തീയകുടുംബം....9
- ലഹരിക്കെതിരെയുള്ള യുദ്ധത്തിൽ....12
- ദൈവത്തിന്റെ ഗൃഹവിചാരകൻ....16
- ബോവസിന്റെ വയലിലെ ബാല്യക്കാരികൾ....19
- സാത്താൻ വിതയ്ക്കുന്ന വിത്ത്....22
- വീട്ടമ്മ - വീട്ടിലെ പ്രധാനമന്ത്രി....25
- പൈതങ്ങളെ എന്റെ അടുക്കൽ....28
- എന്താണ് പാപം....31
- ഇരുമ്പഴിക്കുള്ളിലേക്ക് ശമര്യക്കാരന്റെ....33
- ക്വൈസ്റ്റ്....Cover iv

# ഉപജീവനം മുഴുവൻ നല്കിയ വിധവ

**(മർക്കൊസ് 12:41-44, ലൂക്കൊസ് 21:1-4)**

അതിശ്രേഷ്ഠവും, ത്യാഗസമ്പൂർണ്ണവുമായ അർപ്പണത്തിന്, പേരാൽ അറിയപ്പെടാത്ത ഈ വിധവയ്ക്കു തുല്യമായി മറ്റാരും തന്നെ തിരുവചനത്തിലില്ല. പരീശന്മാർ, ധനികന്മാർ, 'വിധവമാരുടെ വീടുകളെ വിഴുങ്ങുന്ന ശാസ്ത്രിമാർ' എന്നു കർത്താവു വിശേഷിപ്പിച്ചിരിക്കുന്ന ആളുകൾ അവരുടെ സ്ഥാനമാനങ്ങൾക്കു അനുയോജ്യമായി യെരുശലേം ദൈവാലയത്തിലെ ഭണ്ഡാരത്തിൽ നേർച്ച കാഴ്ച്ചകൾ അർപ്പിച്ചു.

പുരുഷാരം ഭണ്ഡാരത്തിൽ പണമിടുന്നതു കർത്താവു നോക്കിക്കൊണ്ടിരുന്നു. ആരാലും ഗണിക്കപ്പെടാത്ത ഒരു ദരിദ്ര വിധവ, ഏറ്റവും നിസ്സാരമായ രണ്ടു കാശ് അർപ്പിച്ച് കടന്നുപോയി. അപ്പോൾ കർത്താവു ശിഷ്യന്മാരെ അടുത്തുവിളിച്ചു, 'ഭണ്ഡാരത്തിൽ ഇട്ട എല്ലാവരെക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' എന്നു ഉറപ്പിച്ചു പറഞ്ഞു. ഇതിന്റെ കാരണവും അവൻ വിശദമാക്കി. തന്റെ ഇല്ലായ്മയിൽ നിന്നു അവൾക്കുള്ളതു ഒക്കെയും, തന്റെ ഉപജീവനം മുഴുവനും ഇട്ടു.

മനുഷ്യദൃഷ്ടിയിൽ വെറും നിസ്സാരം! കർത്താവു ബാഹ്യമായതല്ല നോക്കുന്നത്. 'മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു' (1 ശമൂ.16:7).

ആ ദരിദ്ര വിധവ കൊടുത്തതിനുശേഷം ബാക്കി എത്ര ഉണ്ടായിരുന്നു? എന്തൊരു മനോഭാവത്തോടെയാണ് കൊടുത്തത്? സകലവും കൊടുത്തു. അടുത്ത നേരത്തെ ഭക്ഷണത്തിനു വകയില്ലാതെ സാരെഫാത്തിലെ വിധവ പ്രവാചകന്റെ വാക്കിനെ ആദരിച്ചു (1 രാജാ. 17:15-16). മൂന്നു വർഷക്കാലം അവളുടെ കലത്തിലെ മാവും, ഭരണിയിലെ എണ്ണയും തീർന്നുപോയില്ല. ദൈവത്തിനു സകലവും കൊടുക്കുന്നവരെ അവൻ മാനിക്കുന്നു. ഉത്സവദിവസങ്ങളിൽ ആഡംബരവസ്ത്രധാരണം ചെയ്തു ഭൃത്യന്മാരോടൊപ്പം എത്തി മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിപ്പിച്ചുകൊണ്ടും, എല്ലാവരും കാണത്തക്കവിധം വളരെ പണം ഇട്ടവരുടെ ഇടയിൽ ആരും തിരിഞ്ഞുനോക്കാൻ ഇഷ്ടപ്പെടാത്ത ഒരു

സ്ത്രീ! ഒന്നാമതു വിധവ, പിന്നെ ദരിദ്ര! കർത്താവാകട്ടെ അവളുടെ ഹൃദയം, ഉദ്ദേശ്യം എന്നിവയുടെ ആഴം മനസ്സിലാക്കി. യേശു ശിഷ്യന്മാരെ വിളിച്ചപ്പോൾ അവർ സകലവും വിട്ട് അവനെ അനുഗമിച്ചു. കർത്താവു താൻ തന്നെ സകലവും സ്വപ്രാണനെപ്പോലും ത്യജിപ്പാൻ യെരുശലേമിലേക്കു പോയി. കർത്താവിന്റെ ദാനത്തിനുള്ള മാനദണ്ഡം 'സകലതും' ആണ്.

കർത്താവിനുവേണ്ടി നാം ചെയ്യുന്ന സേവനങ്ങളെ ലൗകികന്മാർ മാത്രമല്ല, ആത്മികരെന്നു ഗണിക്കപ്പെടുന്ന ചിലർപോലും ചിലപ്പോൾ അപലപിച്ചേക്കാം. എന്നാൽ നിഷ്കളങ്ക ഭക്തിയോടെ ചെയ്യുന്ന ശുശ്രൂഷ കർത്താവിന്റെ ഹൃദയത്തെ ആനന്ദിപ്പിക്കുന്നു. 'സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു' (2 കൊരി. 9:6-7) എന്ന് പൗലൊസും, 'വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നതു ഭാഗ്യം' എന്ന് കർത്താവും പ്രസ്താവിച്ചിരിക്കുന്നു.

വിശ്വാസികളായ നാം തിരുവെഴുത്തിന്റെ വെളിച്ചത്തിൽ നമ്മെ പരിശോധിക്കുവാൻ കർത്താവു കൃപ നല്കട്ടെ.

**മേരി അഞ്ചൻ, തുംകൂർ**

## Quest 1 - ന്റെ ശരി ഉത്തരങ്ങൾ

1. ആസാ (2 ദിനവൃ. 14:11)
2. യൊരോബെയാം (2 ദിനവൃ. 10:2)
3. മോരിയാപർവ്വതം (2 ദിനവൃ. 3:1)
4. ലാഖീശിൽ (2 ദിനവൃ. 25:27)
5. മിസ്രയീം രാജാവ് (2 ദിനവൃ. 36:4)
6. അഹീക്കാം (2 ദിനവൃ. 34:20)
7. അസര്യാവ് (2 ദിനവൃ. 31:13)
8. ആഹാബ് യെഹോശാഫാത്തിനോട് (2 ദിനവൃ. 18:3)
9. അബീയാ (2 ദിനവൃ. 29:1)
10. യഹോവയുടെ തേജസ്സ് ആലയത്തിൽ നിറഞ്ഞിരിക്കകൊണ്ട് (2 ദിനവൃ. 7:2)
11. ഇരുപത് (2 ദിനവൃ. 8:1)
12. ശലോമോനോട് (2 ദിനവൃ. 1:7)
13. യൊരോബെയാമും പുത്രന്മാരും (2 ദിനവൃ. 11:14)
14. നയമാ (2 ദിനവൃ. 12:13)
15. ശലോമോൻ (2 ദിനവൃ. 9:22)
16. അസര്യാവ് (2 ദിനവൃ. 15:1)
17. ആമോൻ (2 ദിനവൃ. 33:20)
18. ഏലിയാപ്രവാചകന്റെ (2 ദിനവൃ. 21:12)
19. ഉസ്സീയാവിന് (2 ദിനവൃ. 26:19)
20. മീഖായാവ് (2 ദിനവൃ. 18:13)

# ദൈവസ്നേഹം

ദൈവത്തിന് മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം അപാരം, അപ്രമേയം, അതുല്യം, അവർണ്ണനീയം; മനുഷ്യനാവിനാൽ അതു വർണ്ണിച്ചുതീരുവാൻ അസാദ്ധ്യം. അതിപരിശുദ്ധനായ ദൈവത്തിന്റെ അതിവിശുദ്ധസ്നേഹം പാപ കുഷ്ഠത്താൽ അശുദ്ധർ എന്നു മുദ്രയിടപ്പെട്ട്, നിത്യമരണത്തിനും ദണ്ഡനത്തിനും അടിമകളായി പാപാന്ധകാരത്തിൽ കിടന്നിരുന്ന മനുഷ്യവർഗ്ഗത്തെത്തേടി രക്ഷിക്കുവാൻ, വീണ്ടെടുക്കുവാൻ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന സ്നേഹം. പാട്ടുകാരൻ പാടി "ദൈവസ്നേഹമേ, ദൈവസ്നേഹമേ, അതിനുള്ളകലം, ഉയരം ആഴം അപ്രമേയമേ". പാപം ചെയ്തു ദൈവതേജസ്സ് നഷ്ടപ്പെട്ടു, ദൈവത്തോട് അകന്നുപോയ മനുഷ്യനെ വീണ്ടും ചേർത്തണയ്ക്കുവാൻ ദൈവം പ്രസാദിച്ചപ്പോൾ തന്റെ ഏകജാതനായ പുത്രനെ കാൽവരി കൊലമരത്തിൽ തകർത്തു. മറുവില, വീണ്ടെടുപ്പുവില, കൊടുത്ത സ്നേഹം പിതാവാം ദൈവം നമ്മോടു കാണിച്ച അഗപ്പെ സ്നേഹം. നരകം യാഥാർത്ഥ്യമാണ്. അത് മനുഷ്യനുവേണ്ടി ഒരുക്കിയതല്ല. പാപം ചെയ്തു ദൈവത്തോടു മറുതലിച്ച, ദൈവദൂതന്മാരിൽ ഒരു ഭാഗത്തിന്-ലൂസിഫറിനും കൂട്ടർക്കുംവേണ്ടി കരുതി വച്ചിരിക്കുന്നതാണ്. സ്വർഗ്ഗത്തിൽ നിന്നും നിഷ്കാസിതരായ ഇക്കൂട്ടർ ഒരിക്കൽ എന്നെന്നേയ്ക്കുമായി നിത്യനരകത്തിലേക്കു തള്ളപ്പെടും. പാപം ചെയ്ത മനുഷ്യവർഗ്ഗത്തിനുവേണ്ടി ഒരുക്കിയതോ നിത്യരക്ഷ. തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു ക്രൂശിങ്കലേക്കു നോക്കി രക്ഷാനിർണ്ണയം പ്രാപിക്കുന്ന ഏവർക്കും നിത്യരക്ഷ ഉണ്ട്. വിശ്വസിക്കാതെ ഈ രക്ഷയെ നിരസിക്കുന്നവരെ അന്ത്യന്യായവിധിക്കുശേഷം പിശാചിനെ തള്ളിയിട്ടിരിക്കുന്ന നിത്യനരകത്തിലേക്ക്, നിത്യദണ്ഡനത്തിനായി തള്ളിയിടും - രണ്ടാം മരണം. രക്ഷിക്കപ്പെട്ട് ജീവരക്ഷ പ്രാപിച്ച നാം ഭാഗ്യശാലികൾ തന്നെ.

കർത്താവിന്റെ അപ്പൊസ്തലന്മാരിൽ ഒരാളായ, സ്നേഹത്തിന്റെ അപ്പൊസ്തലൻ എന്ന് അറിയപ്പെടുന്ന യോഹന്നാൻ, കർത്താവിന്റെ മാർവ്വോടു ചാരിയിരുന്നു കർത്താവു സ്നേഹിച്ച ശിഷ്യൻ എന്ന പേരു ലഭിച്ചു. തന്റെ മൂന്നു ലേഖനങ്ങളിലും, സുവിശേഷത്തിലും, വെളിപ്പാടിലും ദൈവസ്നേഹം നിറഞ്ഞു കാണുന്നു. തിരുവചനത്തിലെ മറ്റുപുസ്തകങ്ങളിലും ദൈവസ്നേഹത്തിന്റെ വ്യാപ്തി കാണാം. നിബന്ധനകൾ ഇല്ലാത്ത സ്നേഹം, നിത്യസ്നേഹം, ത്യാഗനിർഭരമായ സ്നേഹം, ശത്രുക്കളെ സ്നേഹിക്കുന്ന സ്നേഹം ഇനിയും പലതും ദൈവസ്നേഹത്തിന്റെ ഗുണങ്ങളായി ഉണ്ട്.

ഈ ദിവ്യസ്നേഹം നമ്മെത്തേടി വന്നപ്പോൾ നാം ഏതവ

സ്ഥയിലായിരുന്നു? നാം ശത്രുക്കളായിരുന്നപ്പോൾ, പാപികളായിരുന്ന പ്പോൾ, അയോഗ്യരായിരുന്നപ്പോൾ, ദോഷികളും, ദ്രോഹികളും, അഭക്തരും ആയിരുന്നപ്പോൾ പുറജാതി നായ്ക്കൾ ആയിരുന്നപ്പോൾ. ഈ മഹൽ സ്നേഹം ആർക്കു വർണ്ണിപ്പാൻ കഴിയും!! ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിച്ചു പാപത്തിനു മറുവില കൊടുത്തു. ദൈവത്തോടു മനുഷ്യനെ ചേർത്തു ബന്ധിക്കുന്ന സ്നേഹം. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ കഴിയുകയില്ല (റോമ. 8:36-39). വേർപിരിക്കുവാൻ കഴിയാതവണ്ണം ചേർത്തു ബന്ധിച്ചിരിക്കുന്ന സ്നേഹം. നമ്മെ ദൈവമക്കളാക്കിയ സ്നേഹം. കാൺമിൻ നാം ദൈവ മക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു (1 യോഹ. 3:1).

നാം പാപികൾ ആയിരിക്കുമ്പോൾ നമുക്കു ലഭിച്ച സ്നേഹം. നാം ദോഷികളും അധമപാപികളും ആയിരുന്നപ്പോൾ നമ്മെ സ്നേ ഹിച്ചു. സ്നേഹനിധിയായ ദൈവം നമ്മെ സ്നേഹിച്ചപ്പോൾ നമ്മുടെ അവസ്ഥ പാപികൾ, ദോഷികൾ, കൊള്ളരുതാത്തവർ എന്നൊക്കെ യുള്ളതായിരുന്നു. അഥവാ യാതൊരു ഗുണവിശേഷങ്ങളും ഉണ്ടായിരു ന്നില്ല. സ്വർഗ്ഗപിതാവിന്റെ നിസ്തുല്യസ്നേഹത്തിന് പാത്രീഭൂതരാകു വാൻ യാതൊരു നന്മയും ഇല്ലാത്തവർ. അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കി തരുന്ന ദൈവം തന്റെ പുത്രന്റെ രക്തത്താൽ നമ്മെ വീണ്ടെടുത്തു മക്കൾ പ്രിയമക്കൾ-ആക്കിത്തീർത്തു. നിത്യബന്ധം. അത്രയുമല്ല നമുക്ക് ഇപ്പോൾ നിരപ്പു ലഭിച്ചതിനു കാരണമായ നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കുകയും ചെയ്യുന്നു. ദൈവം സ്നേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ദൈവം അവനിലും വസിക്കുന്നു.

**രക്ഷിക്കുന്ന സ്നേഹം**

അതാണ് ദൈവസ്നേഹം. അതേ! നമ്മെ രക്ഷിച്ചു ദൈവമക്കൾ ആക്കിത്തീർത്ത നിത്യസ്നേഹം. രക്ഷ ദൈവത്തിന്റെ ദാനമാണ്. കൃപ യാലല്ലോ, നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനു നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശം സിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെ.2:8,9). ഈ ദൈവസ്നേഹം കാൽവരി ക്രൂശിൽ ദർശിക്കാം.

**സമ്പൂർണ്ണസ്നേഹം**

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നല്കു

വാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ.3:16). അവനെ നല്കിയതു തന്റെ കാൽവരി ക്രൂശിലെ മരണത്താൽ നമ്മെ വീണ്ടെടുത്തു നിത്യജീവൻ നല്കുവാനായിരുന്നു സ്തോത്രം. ആ മരണത്തിൽ വിശ്വസിച്ചു ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച നാം ദൈവമക്കളായിത്തീർന്നു. നിത്യജീവൻ സ്വർഗ്ഗീയ ദാനമാണ്. ഈ സ്വർഗ്ഗീയദാനം വിശ്വാസത്താൽ സ്വീകരിക്കുവാൻ മനസ്സില്ലാത്തവരായി അനേകർ നമുക്കുചുറ്റും ഉണ്ട്. നിത്യരക്ഷയുടെ സത്യസുവിശേഷം കേട്ടിട്ടും വിശ്വസിക്കാതെ നിരസിച്ചു കളയുന്നവർ നിത്യശിക്ഷാവിധി ഏറ്റുവാങ്ങി നരകത്തിലേക്ക് നിപതിക്കും. അവിടെ നിത്യമായ കരച്ചിലും പല്ലുകടിയും മാത്രം. അങ്ങനെ ആർക്കും ഭവിക്കാതിരിക്കട്ടെ.

**ദൈവസ്നേഹം മഹാസ്നേഹമാണ്**

ദൈവസ്നേഹം ദൈവമഹത്ത്വത്തിന്റെ പ്രദർശനമാണ്. മനുഷ്യനും ദൈവവുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്ന സ്നേഹം. മാനുഷികസ്നേഹം ഉപാധികളോട് - വ്യവസ്ഥകളോട് കൂടിയതാണ്. യാതൊരു ഉപാധികളോ, വ്യവസ്ഥകളോ ഇല്ലാത്ത ദൈവസ്നേഹം നിസ്തുല്യവും, പരിപാവനവുമാണ്. അതിപരിശുദ്ധനായ ദൈവത്തിനു കളങ്കമില്ലാതെ പരിപാവനമായി മാത്രമേ സ്നേഹിക്കുവാൻ കഴിയൂ. അതാണ് മഹാസ്നേഹം. മനുഷ്യസ്നേഹം കപടവും കളങ്കവും നിറഞ്ഞതാണ്. യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. ഇങ്ങനെ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു. ദൈവം തന്റെ ഏകജാതനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം അവനെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹമാകുന്നു. "എന്തതിശയമേ ദൈവത്തിൻ സ്നേഹം എത്ര മനോഹരമേ. അതു ചിന്തയിലടങ്ങാ സിന്ധു സമാനമായി സന്തതം കാണുന്നു ഞാൻ" പാട്ടുകാരൻ പാടി. തുടർന്ന് "ദൈവമേ നിൻമഹാ സ്നേഹമതിൻ വിധം ആർക്കു ചിന്തിച്ചറിയാം" ഒരു മനുഷ്യനാലും ഗ്രഹിക്കാവുന്നതിൻ അപ്പുറമായ മഹാസ്നേഹം.

മനുഷ്യസ്നേഹം മാറിപ്പോകുന്നതും സാഹചര്യങ്ങൾക്കനുസരിച്ച് കുറഞ്ഞും തണുത്തും പോകുന്നതുമാണ്. എന്നാൽ നമുക്കു ലഭിച്ച നിത്യരക്ഷ മാത്രം ചിന്തിച്ചാൽ ദൈവസ്നേഹത്തിന്റെ ആഴം അളന്നു തീർക്കുവാൻ കഴിയാത്തതെന്ന് മനസ്സിലാക്കാം. ഈ മഹൽ സ്നേഹത്തെ അറിയുവാനും വിശ്വസിച്ചു സ്വന്തമാക്കുവാനും നമ്മെ ഇടയാക്കിയ അത്യുന്നതനായ ദൈവത്തിനു സർവ്വ മഹത്ത്വവും അർപ്പിക്കുന്നു. ആമേൻ

**തങ്കമ്മ സാം, തിരുവനന്തപുരം**

# കൂടെയിരിക്കുന്ന ദൈവം

യാക്കോബിന്റെ ഇഷ്ടപുത്രനായിരുന്ന യോസേഫ് തന്റെ സഹോദരന്മാരുടെ ക്രൂരത നിമിത്തം പൊട്ടക്കിണറ്റിലും, അടിമത്ത്വ ത്തിലും, കാരാഗൃഹത്തിലുമൊക്കെ കഴിയേണ്ടി വന്നു. സമ്പന്നനായ ഒരു പിതാവിന്റെ പ്രിയപുത്രനായിരുന്നിട്ടും കഠിനമായ ജീവിതസാഹ ചര്യങ്ങളിലൂടെയായിരുന്നു അവൻ കടന്നുപോയത്.

എന്നാൽ ബാഹ്യജീവിതത്തിൽ ഉണ്ടായ അതികഠിനവും ക്രൂരവു മായ സാഹചര്യങ്ങൾ ഒന്നും അവന്റെ ആത്മീയ ജീവിതത്തെയും കാഴ്ചപ്പാടുകളെയും അണുവിട വ്യതിചലിപ്പിച്ചില്ല. സഹോദരന്മാരുടെ ക്രൂരതയ്ക്കെതിരായി പൊട്ടക്കിണറ്റിൽ കഴിഞ്ഞപ്പോഴും പിന്നീട് യിശ്മായേല്യർക്ക് വിറ്റു കളഞ്ഞപ്പോഴും ഒന്നും യോസഫിന്റെ ദൈവ വിശ്വാസത്തിനും ദൈവഭയത്തിനും ഒരു ഉലച്ചിലും തട്ടിയില്ല. അതത് സാഹചര്യങ്ങളോട് ഇണങ്ങിച്ചേർന്ന് ജീവിക്കുകയായിരുന്നു അവൻ ചെയ്തത്. തന്റെ സഹോദരന്മാരെ കുറ്റപ്പെടുത്തുന്നതിന് പകരം അവരുടെ ജീവരക്ഷയ്ക്കായി ദൈവം തന്നെ അവർക്ക് മുമ്പായി അയച്ച താണെന്നായിരുന്നു അവൻ പറഞ്ഞത്. അങ്ങനെ തന്നെയായിരുന്നു അവൻ വിശ്വസിച്ചിരുന്നതും.

പോത്തിഫറിന്റെ ഭവനത്തിലെ ദാസ്യവൃത്തിയിലും യോസഫ് ദൈവഭയത്തിൽ തന്നെ ജീവിച്ചു. അവൻ ഒരു അടിമയെപ്പോലെയല്ല, കാര്യസ്ഥൻ ആയിട്ടായിരുന്നു അവിടെ ജീവിച്ചത്. സഹോദരന്മാരോടും സാഹചര്യങ്ങളോടുമുള്ള പകയും വൈരാഗ്യവും ഭരിച്ചിരുന്നെങ്കിൽ യോസഫ് പോത്തിഫറിന്റെ ഭവനത്തിൽ വേല ചെയ്യുമായിരുന്നില്ല. പോത്തിഫർ തനിക്കുള്ളതൊക്കെയും യോസഫിന്റെ കൈയിൽ ഏൽപ്പിക്കത്തക്കവണ്ണം അവൻ വിശ്വസ്തതയോടും തികഞ്ഞ ആത്മാർ ത്ഥതയോടും കൂടെ തന്റെ പ്രവൃത്തി ചെയ്തു (ഉൽപത്തി 39:4). യജമാ നന്റെ ഭാര്യയുടെ പ്രലോഭനത്തിൽ വീണുപോകാതെ ദൈവഭയത്തിൽ തന്നെ ജീവിച്ചു. തന്റെ ഭക്തി മുറുകെ പിടിച്ചപ്പോൾ വസ്ത്രംപോലും അവനു നഷ്ടമായി. സ്വയം ന്യായീകരിക്കാൻ ശ്രമിക്കാതെ പാപിയായ ആ സ്ത്രീ നിമിത്തം അവൻ കാരാഗൃഹശിക്ഷയും ഏറ്റുവാങ്ങി.

അവിടെയും ആ സാഹചര്യത്തോട് ഇണങ്ങിച്ചേർന്ന് ദൈവഭയ ത്തോടും ഭക്തിയോടും വിശ്വസ്തതയോടും കൂടെ അവൻ ജീവിച്ചു. കാരാഗൃഹത്തിലെ തടവുകാരെ ഒക്കെയും കാരാഗൃഹപ്രമാണി

യോസഫിന്റെ വിചാരണയിൽ ഏൽപ്പിക്കത്തവണ്ണം അവന്റെ ശുശ്രൂഷ അവിടെയും ഏറ്റവും ശ്രേഷ്ഠമായിരുന്നു. അവിടെ തടവുകാരായി എത്തിച്ചേർന്ന ഫറവോന്റെ പാനപാത്രവാഹകന്മാരുടെ പ്രമാണിയെയും അപ്പക്കാരുടെ പ്രമാണിയെയും അവൻ ശുശ്രൂഷിച്ചു. സഹതടവുകാരെ ഭരിക്കുകയല്ല അവരെ ശുശ്രൂഷിക്കുകയായിരുന്നു അവൻ ചെയ്തത് (ഉൽപത്തി 40:4).

പോത്തിഫറിന്റെ വീട്ടിൽ അടിമയായി ഇരുന്നിട്ടും കാര്യസ്ഥനെപ്പോലെയും, കാരാഗ്രഹത്തിൽ തടവുകാരനായിരുന്നിട്ടും കാര്യവിചാരകനെപ്പോലെയും, അവർക്ക് ശുശ്രൂഷ ചെയ്യുന്നതിൽ വിശ്വസ്തത പുലർത്തിയ യോസഫ് പിന്നീട് രാജ്യത്തിന്റെ മേലധികാരി എന്ന നിലയിലേക്ക് ഉയർത്തപ്പെട്ടു. ഉന്നത അധികാരത്തിൽ എത്തിയപ്പോഴും പൊട്ടക്കിണറ്റിലിടുകയും വിറ്റുകളകയും ചെയ്ത സഹോദരന്മാർക്കെതിരെയോ, പോത്തിഫറിന്റെ ഭാര്യയ്ക്കെതിരെയോ, തന്നെ മറന്നുകളഞ്ഞ പാനപാത്രവാഹകന്മാരുടെ പ്രമാണിക്കെതിരെയോ അവൻ ഒരു വാക്കും പറഞ്ഞില്ല. സ്വയം ന്യായീകരിച്ചില്ല. താൻ കടന്നുവന്ന വഴികളെക്കുറിച്ച് ആരോടും വിശദീകരിച്ചില്ല. ദൈവം നടത്തിയ വഴികളിലൂടെയും കഠിനമായ സാഹചര്യങ്ങളിലൂടെയും ഏറ്റവും സംതൃപ്തിയോടും വിശ്വസ്തതയോടും കൂടെ സഞ്ചരിച്ചു.

അവൻ നിഷ്കളങ്കൻ ആയിരിക്കെ സഹോദരന്മാരുടെ ക്രൂരതയ്ക്കിരയായിത്തീർന്നു. പാപം ചെയ്യുവാൻ സന്നദ്ധനാകാതിരുന്നതിന് പാപം ചെയ്തവർക്കുള്ള ശിക്ഷയ്ക്ക് അർഹനായിത്തീർന്നു. എന്നാൽ അവിടെയൊക്കെയും യഹോവ അവനോടു കൂടെയുണ്ടായിരുന്നു. യഹോവ യോസഫിനോട് കൂടെ ഉണ്ടായിരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായി (ഉൽപത്തി. 39:2) എന്ന് പോത്തിഫറിന്റെ വീട്ടിൽ എത്തിച്ചേർന്നപ്പോഴും യഹോവ യോസഫിനോട് കൂടെയിരുന്നു (ഉൽപത്തി 39:21) എന്ന് കാരാഗ്രഹത്തിലെ സാഹചര്യത്തോടുള്ള ബന്ധത്തിലും നാം വായിക്കുന്നുണ്ട്. യോസഫ് എവിടെ ആയിരിക്കുന്നു എന്നതല്ല ആരോടുകൂടെ ആയിരിക്കുന്നു എന്നതാണ് പ്രധാനം. ആ ബോധ്യവും ഭയവും അവനുണ്ടായിരുന്നു. സകല പ്രതികൂല സാഹചര്യങ്ങളിലും ദൈവസാന്നിധ്യം അനുഭവിക്കുവാൻ കഴിഞ്ഞതിനാലാണ് യോസഫിന് സംതൃപ്തിയോടും വിശ്വസ്തതയോടുംകൂടെ അതത് സാഹചര്യങ്ങളിൽ ആയിരിക്കുവാൻ കഴിഞ്ഞത്.

ശദ്രക്, മേശക്ക്, അബേദ്നെഗോമാർക്കെല്ലാം തീച്ചൂളയിലും ദാനീയേലിനോടൊപ്പം സിംഹക്കുഴിയിലും യോസേഫിനെപ്പോലെ കാരാഗൃഹത്തിലും അവന്റെ അടിമവേലയും ഒക്കെ കൂടെയിരുന്ന

ദൈവം ഇന്നും ഏത് കഠിനമായ ജീവിതസാഹചര്യങ്ങളിലും നമുക്കൊപ്പം ഇരിക്കുന്നവനാണ്. ആ സാന്നിധ്യം അറിയുകയും അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യാം. ദൈവം കൃപ നല്കട്ടെ.

**ജെസി ബെൻസൻ, കൊച്ചി**

---

## Quest 1 -ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ. ഓമല്ലൂർ, പത്തനംതിട്ട.
2. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
3. ലൈല കെ. വിക്ടർ, പേരൂർക്കട, തിരുവനന്തപുരം
4. എൽസി തോമസ്, മീൻതുള്ളി കണ്ണൂർ
5. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി
6. ലീല. കെ.വി., പുളിക്കൽ കവല, കോട്ടയം
7. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
8. സി. എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
9. ജോളി ഷാജി, കരുവാറ്റ, അടൂർ
10. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
11. കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം
12. ബിന്ദു സി.എസ്. വഞ്ചിയൂർ, തിരുവനന്തപുരം
13. ബീനാ സുരേഷ്, കരകുളം, തിരുവനന്തപുരം
14. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി.
15. സുജ സുനിൽ, ആറാം കല്ല് തിരുവനന്തപുരം
16. ലീല ഡേവിഡ്, ഏണിക്കര തിരുവനന്തപുരം
17. നിഷ വിൻസെന്റ്, ഏണിക്കര തിരുവനന്തപുരം
18. വത്സ ഡി.എസ്. തിരുവനന്തപുരം
19. സജനി ഔസേഫ്, പോങ്ങുംമൂട്, തിരുവനന്തപുരം
20 വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
21. രശ്മി സിജു, കുറ്റിയാണി, തിരുവനന്തപുരം
22. ലൈസ സാമുവേൽ, മുംബൈ
23. വിനീത ബി. പോത്തൻകോട് തിരുവനന്തപുരം
24. റെജിത ലിവിംഗ്സ്റ്റൺ, പഴയകട തിരുവനന്തപുരം
25. മോളി ഫ്രാൻസിസ്, ലൂർദ്ദ്പുരം, തൃശ്ശൂർ
26. ജോളി എബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
27. സുമ റജി, തൃക്കണ്ണമംഗൽ, കൊട്ടാരക്കര
28. സ്മിത ഷിബു, വെങ്ങാന്നൂർ, തിരുവനന്തപുരം
29. ആനി ജോൺസൻ, ചെമ്മന്തൂർ, പുനലൂർ

**ക്വെസ്റ്റ് 1-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**

**ക്വിസ് മാസ്റ്റർ**

# ക്രിസ്തീയകുടുംബം

മാനവരാശിയുടെ നിലനില്പിനും ദൈവിക പദ്ധതിയുടെ വെളിപ്പെടുത്തലിനുംവേണ്ടി ദൈവം രൂപകല്പന ചെയ്തിരിക്കുന്ന ശ്രേഷ്ഠകരമായ ഒരു സ്ഥാപനമാണ് കുടുംബം. മനുഷ്യന് വീഴ്ച സംഭവിക്കുന്നതിനു മുമ്പ് ദൈവത്താൽ സ്ഥാപിതമായതും ഏറ്റവും പുരാതനവുമായ ദൈവ വ്യവസ്ഥയാണ് കുടുംബം.

ഏദനിൽ ദൈവത്താൽ സ്ഥാപിതമായ കുടുംബത്തിൽനിന്നും ആരംഭിച്ച് സഭയാം കുടുംബത്തിൽ അവസാനിക്കുന്ന രക്ഷാചരിത്രമാണ് ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവിക പദ്ധതിയുടെ പൂർത്തീകരണം നടക്കുന്നത് കുടുംബത്തിലൂടെയാണ്. കുടുംബജീവിതം ദൈവത്താൽ ആരംഭിച്ചതാകയാൽ അത് മാന്യമായതാണ്. പരിപാവനമായി കാത്തുസൂക്ഷിക്കേണ്ടത് അതിൽ വസിക്കുന്നവരുടെ കടമയാണ്. ക്രിസ്തീയഭവനം ദൈവത്തിലും ദൈവവചനത്തിലും പരസ്പരസ്നേഹത്തിലും, വിശ്വാസത്തിലും അധിഷ്ഠിതമായിരിക്കുന്നു.

കുടുംബജീവിതത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഉദാ. എബ്രാ 11:7 'വിശ്വാസത്താൽ നോഹ അതുവരെ കാണാത്തവയെക്കുറിച്ച് അരുളപ്പാടുണ്ടായിട്ട് ഭയഭക്തി പൂണ്ട് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് ഒരു പെട്ടകം തീർത്തു'. നോഹ ഇതു ചെയ്തതു തികെച്ചും ദൈവത്തിലുള്ള വിശ്വാസത്താലും, ഭയഭക്തിയോടുകൂടെയുമാണെന്ന് ഉൽപ.6-ാം അദ്ധ്യായം പഠിച്ചാൽ വ്യക്തമാണ്. കുടുംബജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ തരണം ചെയ്ത് വിജയിച്ച് മാതൃകാപരമായ ക്രിസ്തീയകുടുംബജീവിതം നയിക്കുക എന്നത് ആത്മികരായി ജീവിക്കുന്ന ദൈവമക്കൾ നേരിടുന്ന വലിയ വെല്ലുവിളിയാണ്. അതിനെ അതിജീവിക്കുവാൻ ക്രിസ്തീയ ഭവനം ദൈവത്താൽ നിയന്ത്രിക്കപ്പെടുന്നതായിരിക്കണം. ഉദാ. യോഹ.2-ാം അദ്ധ്യായത്തിൽ കാനാവിലെ കല്യാണവീട്ടിൽ പ്രതിസന്ധിഘട്ടത്തിൽ കർത്താവിനു പ്രഥമസ്ഥാനം കൊടുത്തതിനാൽ (ആജ്ഞ അനുസരിച്ചതിനാൽ) അവിടുത്തെ വലിയ പ്രശ്നം പരിഹരിക്കപ്പെട്ടു. ഇപ്രകാരം നാമും പ്രതിസന്ധികളിൽ പതറാതെ ദൈവത്തിലാശ്രയിച്ച് ദൈവത്തിന് മുൻഗണന കൊടുക്കുക. ദൈവവചനത്തിന്

കീഴ്പ്പെടുകയും ചെയ്താൽ നമ്മുടെ ഏതുപ്രശ്നവും പരിഹരിക്കപ്പെടും. (സങ്കീ. 118:8)

കുടുംബം സ്നേഹത്തിന്റെയും ഐക്യതയുടെയും കൂട്ടായ്മയുടെയും സ്ഥാനമാണ്. (ഇന്ന് പല കുടുംബങ്ങളിലും ഇതിനു സ്ഥാനമില്ല എന്നു നാം കാണുന്നു.) തിരുവെഴുത്തിൽ ഇതിനു മാതൃകയായി നിരവധി ഭവനങ്ങളെ നമുക്കു ദർശിക്കുവാൻ കഴിയും. ലുദിയായുടെ ഭവനം (അപ്പൊ.പ്രവൃ.16:15) കൊർന്നല്യൊസിന്റെ ഭവനം (അപ്പൊ.പ്രവൃ.10:24-33) പള്ളിപ്രമാണിയായ ക്രിസ്പൊസിന്റെ ഭവനം (അപ്പൊ.പ്രവൃ.18:8). കുടുംബങ്ങൾ തമ്മിലുള്ള പരസ്പര ബന്ധങ്ങളും കടമകളും നന്നായിരുന്നാൽ ആ കുടുംബജീവിതം സുഗമമായിരിക്കും. ഈ വിധമുള്ള കുടുംബങ്ങളിൽ സന്തോഷവും അനുഗ്രഹവും സമാധാനവും ഉണ്ടാകും. അത് യഹോവയാൽ പണിയപ്പെടുന്ന ഭവനമായിരിക്കണം (സങ്കീ.127:1). ഇപ്രകാരമുള്ള വീടുപണിക്ക് ദൈവികജ്ഞാനം ആവശ്യമാണ് (സദൃ.14:1). വിവേകത്താൽ അത് സ്ഥിരമാകുന്നു. പരിജ്ഞാനംകൊണ്ട് അതിന്റെ മുറികളിൽ വിലയേറിയതും മനോഹരവുമായ സകലസമ്പത്തും നിറഞ്ഞു വരുന്നു (സദൃ.24:3-4). ഈ പരിജ്ഞാനം ദൈവത്തിൽ നിന്നും ലഭിക്കുന്ന ഉപരിയായ ജ്ഞാനമാണ്.

ഇന്നത്തെ നമ്മുടെ തലമുറയാണ് നാളത്തെ സഭയും സമൂഹവുമായി തീരേണ്ടത്. ആകയാൽ അവരെ ആ നിലയിൽ വളർത്തിയെടുക്കുവാൻ ക്രിസ്തീയ കുടുംബാംഗങ്ങൾക്ക് വലിയ പങ്കുണ്ട്. അത് നാം വിസ്മരിക്കരുത്. ഉൽപ. 18:12-ൽ വിശ്വാസികളുടെ പിതാവായ അബ്രാഹാമിനെ ദൈവം തിരഞ്ഞെടുത്തത് തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിനാണെന്നു കാണുന്നു. ഇതാണ് കുടുംബത്തിൽ നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യം. അത് നാം വിശ്വസ്തതയോടെ നിർവഹിക്കേണ്ടതാണ്. മോശെയുടെ മാതാവായ യോഖെബേദ് വലിയ പ്രതികൂലങ്ങളിൽകൂടി കടന്നുപോയി എങ്കിലും അതിനെ വിവേകത്തോട് സധൈര്യം ദൈവത്തിലാശ്രയിച്ച് അതിനെ തരണം ചെയ്തതിനാൽ തന്റെ മക്കളായ അഹരോനെ പുരോഹിതനായും, മോശെയെ യിസ്രായേൽ മക്കളെ നയിക്കുന്ന സമുന്നത നേതാവായും പാപത്തിന്റെ തല്ക്കാല ഭോഗത്തെക്കാളും ദൈവജനത്തോടുകൂടെ കഷ്ടമനുഭവിക്കുന്നത് വലിയ ധനമെന്ന് തിരഞ്ഞെടുക്കുവാനും തന്റെ മകളായ മിര്യാം മാതാവിനെ

അനുസരിച്ചതിനാൽ യിസ്രായേലിന്റെ നടത്തിപ്പുകാരിയായതും ഈ മാതാവിന്റെ വിവേകത്തോടുകൂടിയ കഠിനപ്രയത്നത്തിന്റെ ഫലമായിട്ടാണ്. സദൃ.22:6 ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതിനെ വിട്ടുമാറുകയില്ല. ഇത് തിമൊഥെയൊസിന്റെ ജീവിതത്തിൽ പ്രകടമായി കാണുന്നു. 2 തിമൊഥെ. 1:4,5. അമ്മ യൂനിക്കയിലും, വല്യമ്മ ലോവീസിലും ഉണ്ടായിരുന്ന വിശ്വാസമാണ് തിമൊഥെയൊസിലേക്ക് പകരപ്പെടുവാനിടയായത്.

കുടുംബത്തിന്റെ സുരക്ഷിതത്വത്തിനായി അഹോരാത്രം അദ്ധ്വാനിക്കുന്ന സ്ത്രീയെ സാമർത്ഥ്യമുള്ള സ്ത്രീയെന്നു സദൃ. 31-ൽ വ്യക്തമാക്കുന്നു. മ്ലേച്ഛകരമായി ജീവിച്ച രാഹാബ്, യിസ്രായേലിന്റെ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികളെക്കുറിച്ച് കേട്ട് അവനിൽ വിശ്വസിച്ച് തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിച്ചത് യോശുവ 2-ൽ കാണുന്നു. പിന്നെയും അബീഗയിൽ വിവേകത്തോടെ പ്രവർത്തിച്ച് തന്റെ കുടുംബത്തെ നാശകരമായ വലിയ വിപത്തിൽ നിന്നു വിടുവിച്ചത് 1 ശമൂവേൽ 25-ൽ വായിക്കുവാൻ സാധിക്കും. ഇപ്രകാരം കുടുംബത്തിന്റെ രക്ഷയ്ക്കായി പ്രവർത്തിച്ച നിരവധി സ്ത്രീകളെ തിരുവെഴുത്തുകളിലൂടെ മനസ്സിലാക്കാം.

ആകയാൽ പ്രിയ സഹോദരിമാരായ നാം കുടുംബജീവിതത്തിൽ ജ്ഞാനത്തോടും, പരിജ്ഞാനത്തോടും, വിവേകത്തോടും, പ്രാർത്ഥനയോടും ദൈവത്തിലും ദൈവവചനത്തിലും ആശ്രയിച്ച് മാതൃകാപരമായ ക്രിസ്തീയകുടുംബം പടുത്തുയർത്തുവാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**സാറാമ്മ ശശി, കവിയൂർ**

*കർത്താവേ, നിന്റെ ചെവി അടിയന്റെ പ്രാർത്ഥനെക്കും നിന്റെ നാമത്തെ ഭയപ്പെടുവാൻ താല്പര്യപ്പെടുന്ന നിന്റെ ദാസന്മാരുടെ പ്രാർത്ഥനെക്കും ശ്രദ്ധയുള്ളതായിരിക്കേണമേ. ഇന്നു അടിയന്നു കാര്യം സാധിപ്പിച്ചു ഈ മനുഷ്യന്റെ മുമ്പാകെ എനിക്കു ദയ ലഭിക്കുമാറാക്കേണമേ. ഞാൻ രാജാവിന്നു പാനപാത്രവാഹകനായിരുന്നു.*

*(നെഹെമ്യാവു 1:11)*

# ലഹരിക്കെതിരെയുള്ള യുദ്ധത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക്

മദ്യപന്മാർ ദൈവരാജ്യം അവകാശമാക്കുകയില്ല. (1 കൊരി. 6:10) മദ്യത്തെക്കുറിച്ചും വീഞ്ഞിനെക്കുറിച്ചും ബൈബിളിൽ പലഭാഗത്തും നാം വായിക്കുന്നുണ്ട്. (സദൃ. 31:4-6, എഫെ.5:18)

ലഹരിയുടെ ഉപയോഗംകൊണ്ട് നാട്ടിലും, വീട്ടിലും എന്തെല്ലാം അനർത്ഥങ്ങളും, അപകടവും, കൊലപാതകവും ആത്മഹത്യകളും ആണ് ഇന്ന് ലോകത്തിൽ നടക്കുന്നത്. ഈ കാലഘട്ടത്തിൽ ഓരോ ദിവസവുമുള്ള ദിനപ്പത്രം വായിച്ചാൽ ഇതുമാത്രമേ കൂടുതൽ വായിക്കാൻ കഴിയുന്നുള്ളൂ. സർക്കാരും നാട്ടുകാരും ലഹരിക്കുവിരോധമായി പല പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. എന്നാൽ ഇതിനു യാതൊരു പ്രയോജനവും ഇല്ല, അടിക്കടി വർദ്ധിച്ചു വരുന്നതേയുള്ളൂ. ഇക്കഴിഞ്ഞ ദിവസത്തെ മാതൃഭൂമി ദിനപ്പത്രത്തിൽ ഇപ്രകാരം വായിക്കുവാൻ ഇടയായി "മദ്യനയം അപലനീയം" എന്ന തലക്കെട്ടിൽ.

ലഹരിയോടുള്ള പോരാട്ടം മഹായത്നമായി സ്വീകരിച്ചിരിക്കുന്ന സംസ്ഥാനസർക്കാർ കഴിഞ്ഞ ദിവസം പുറപ്പെടുവിച്ച മദ്യനയം അമ്പരപ്പിക്കുന്നതാണ്. ഡ്രൈ ഡേകളിൽ പ്രത്യേക ലൈസൻസ് ഫീസ് ഈടാക്കി മദ്യം വിളമ്പാൻ സ്റ്റാർ ഹോട്ടലുകൾക്ക് അനുമതി. വാണിജ്യ-വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഒന്നാം തീയതി പ്രത്യേക അനുമതിയോടെ മദ്യവില്പന നടത്താം. ഇതൊക്കെ നയമാക്കാൻ ലഹരിയോടു പോരാടുന്ന സർക്കാരിന് എങ്ങനെ കഴിഞ്ഞു? ഒരുവശത്ത് ലഹരിക്കെതിരാണെന്ന് പ്രചരിപ്പിക്കുകയും മറുവശത്ത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയുമാണ്. എന്തുകൊണ്ട് മദ്യം ലഹരിയാണെന്ന കാര്യം സർക്കാർ തിരിച്ചറിയുന്നില്ല? ലഹരിക്കെതിരെയാണ് സർക്കാർ എങ്കിൽ മദ്യനയം ഇതിനു അനുയോജ്യമല്ല. തിരുത്തുകയാണ് വേണ്ടത്. എങ്കിലേ ജനപക്ഷം സർക്കാരിനെ വിലയിരുത്താനാകൂ. മദ്യം നിരോധിച്ചാൽ കോടിക്കണക്കിനു പണം സർക്കാരിനു നഷ്ടമാകും. മനുഷ്യൻ ലഹരിക്കടിമയായി എന്തെല്ലാം കാണിച്ചാലും എങ്ങനെ പോയാലും കൊള്ളയും കൊലപാതകവും നടത്തിയാലും സർക്കാരിന് ഏതുമില്ല. അവർക്കു പണം വേണം.

ലഹരിമദ്യം ഉൽപത്തി മുതലേ ഉള്ളതാണ്. ജലപ്രളയം കഴി

ഞ്ഞ് നോഹയും കുടുംബവും പെട്ടകത്തിനു പുറത്തിറങ്ങി. നോഹ കൃഷി ചെയ്യുവാൻ തുടങ്ങി. മുന്തിരിത്തോട്ടം നട്ടുണ്ടാക്കി അവൻ അതിലെ വീഞ്ഞു കുടിച്ചു ലഹരിപിടിച്ചു തന്റെ കൂടാരത്തിൽ വസ്ത്രം നീങ്ങി കിടന്നു. കനാന്റെ പിതാവായ ഹാം പിതാവിന്റെ നഗ്നത കണ്ടു. സഹോദരന്മാരെ അറിയിച്ചു. അവർ വസ്ത്രം കൊണ്ടിട്ടു പിതാവിന്റെ നഗ്നത മറെച്ചു. എന്തു സംഭവിച്ചു കനാൻ ശപിക്കപ്പെട്ടവനായി. ലഹരിയുടെ ഉപയോഗം കൂടിപ്പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. അതു കൊണ്ട് ഒരു കുലം എന്നും ശപിക്കപ്പെട്ടവരായിത്തീർന്നു. ദാനീയേൽ 5:1-31 വരെ വായിച്ചാൽ കല്ദയരാജാവായ ബേൽശസ്സർ രാജാവ് തന്റെ മഹത്തുക്കളിൽ ആയിരം പേർക്കു ഒരു വലിയ വിരുന്നു കഴിച്ചു. യരുശലേമിലെ ദൈവാലയത്തിൽനിന്നും എടുത്തുകൊണ്ടു വന്ന പൊൻ വെള്ളിപ്പാത്രങ്ങളിൽ രാജാവും മഹത്തുക്കളും അവന്റെ ഭാര്യമാരും, വെപ്പാട്ടികളും വീഞ്ഞുകുടിച്ചു. പൊന്നും, വെള്ളിയും മരവും ഇരുമ്പും കല്ലുംകൊണ്ടുള്ള ദേവന്മാരെ സ്തുതിച്ചു. അപ്പോൾ രാജധാ നിയുടെ ചുവരിൽ എഴുതുന്ന കൈപ്പത്തി കണ്ടു. ദൈവം കോപിച്ചു. മദ്യം കുടിച്ച് ലഹരിപിടിച്ച രാജാവ് അന്നു രാത്രി കൊല്ലപ്പെട്ടു. അതു പോലെ ഏഴാം ദിവസം വീഞ്ഞുകുടിച്ചു ആനന്ദിച്ചിരിക്കുമ്പോൾ അഹ ശ്വേരോശ് രാജാവ് തന്റെ ഭാര്യയായ വസ്ഥിയുടെ സൗന്ദര്യം കാണിക്കേ ണ്ടതിന് രാജകിരീടം ധരിപ്പിച്ച് രാജസന്നിധിയിൽ കൊണ്ടുവരുവാൻ കല്പിക്കുന്നു. രാജാവിന്റെ കല്പന രാജ്ഞി നിരസിച്ചു. അവിടെ സംഭവിക്കുന്നത് എന്താണെന്ന് രാജ്ഞിക്കു മനസ്സിലായി. രാജ്ഞി പോയില്ല. വീഞ്ഞു കുടിച്ചു ലഹരിയിൽ മുഴുകിയിരിക്കുന്ന ഒരു സദസ്സിലേക്ക് ഒരു സ്ത്രീ ചെന്നാൽ അവളുടെ അവസ്ഥ എന്താകും എന്നു ചിന്തിക്കുക. എന്നാൽ അനുസരിക്കാഞ്ഞതുകൊണ്ട് രാജ്ഞിസ്ഥാനം നഷ്ടമായി. മദ്യം വരുത്തിയ വിന.

2 ശമൂ. 13:28-ൽ അബ്ശാലോം അമ്നോനെ വീഞ്ഞുകുടിപ്പിച്ച് ലഹരിപിടിച്ചിരുന്നപ്പോൾ അടിച്ചുകൊല്ലുന്നു. മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്ന് മദ്യക്കുപ്പിയിൽ എഴുതിയിരിക്കുന്നത് ആരും വായിക്കുന്നില്ലയോ? മദ്യപാനത്തെക്കുറിച്ച് ഒരു എബ്രായകഥ ഒരു മാസികയിൽ വായിക്കാനിടയായി. നോഹ മുന്തിരിത്തോട്ടം നട്ടുണ്ടാക്കിയപ്പോൾ മദ്യം എപ്രകാരം നമ്മെ സ്വാധീനിക്കുന്നു എന്ന് ചില ഉദാഹരണങ്ങൾ കാട്ടി സാത്താൻ നോഹയോട് വിശദീകരിച്ചു. ഒരു ആട്ടിൻകുട്ടി, സിംഹം, കുരങ്ങ്, പന്നി എന്നിവയാണ് വിശദീകരിക്കുന്നതിനുള്ള ഉദാഹരണങ്ങൾ. മദ്യത്തിന്റെ ലഘുവായ ആദ്യപാനം നിന്നെ

ഒരു ആട്ടിൻകുട്ടിയെപ്പോലെ സൗമ്യനാക്കും. രണ്ടാംഘട്ടം ഒരു സിംഹ ത്തെപ്പോലെ ധൈര്യശാലിയാക്കും. മൂന്നാം ഘട്ടം ഒരു കുരങ്ങനെ പ്പോലെ ചപലനാകും, നാലാം ഘട്ടത്തിൽ ഒരു പന്നിയെപ്പോലെ ചെളി ക്കുണ്ടിൽ കിടത്തും. മദ്യം ഇപ്രകാരമാണ് ഒരു മനുഷ്യനെ കീഴ്പ്പെടു ത്തുന്നത്.

**കുടുംബം തകർക്കുന്ന മദ്യപാനം**

കുടുംബം എന്നു പറഞ്ഞാൽ കൂടുമ്പോൾ ഇമ്പമുള്ളതാണല്ലോ. എന്നാൽ നല്ല കുടുംബബന്ധങ്ങൾ, നല്ല വ്യക്തി ബന്ധങ്ങൾ, സ്നേഹം കരുതൽ, ആശയസംവിധാനം ഇവയൊക്കെയാണ് ഒരു സംതൃപ്ത കുടുംബത്തിന്റെ ലക്ഷണങ്ങൾ. നല്ല കുടുംബാന്തരീക്ഷവും ഉണ്ടായി രിക്കണം. ഒരു മദ്യാസക്തന്റെ കുടുംബാംഗങ്ങൾ അവരുടെ ബന്ധ ങ്ങളിൽ തൃപ്തരല്ല. മദ്യാസക്തരായിത്തീർന്ന ആളുകളിൽ 60% തകർ ന്നതോ, വിവാഹമോചനം ഭാര്യാഭർത്താക്കന്മാർ പിണങ്ങി താമസിക്കൽ നിരന്തരമായ കുടുംബകലഹങ്ങൾ മുതലായവ മദ്യത്തിൽ ആശ്രയിക്കു ന്നതുമൂലവും ഉണ്ടാകും. അപ്പന്റെ മദ്യപാനം മകനെ മദ്യപാനത്തിലേക്കു നയിക്കുന്നു. മദ്യം കുടിക്കുന്നവരുടെ പിതാവോ, ജ്യേഷ്ഠന്മാരോ കുടുംബത്തിലെ ഏറ്റവും അടുത്ത മുതിർന്നവരോ മദ്യപന്മാരായിരുന്നു. മദ്യപാനം കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കുന്നു. ഇത് കുടുംബാംഗങ്ങൾക്ക് മാനസിക സംഘർഷങ്ങൾക്കും, പിരിമുറുക്ക ത്തിനും കാരണമായിത്തീരുന്നു. കുടുംബത്തിന്റെ പ്രശ്നങ്ങളിൽനിന്നും സാമ്പത്തിക തകെർച്ചയിൽനിന്നും ഒളിച്ചോടാൻ കുടുംബനാഥൻ മദ്യത്തിൽ ആശ്രയിക്കുന്നു. അതുകൊണ്ട് കുടുംബത്തെ തകർച്ചയി ലേക്ക് നയിക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് മദ്യപാനം. എല്ലാമതങ്ങളിലും വിവാഹം എന്ന കർമ്മം ഉണ്ട്. അതു പവിത്രവും പാവനവുമാണ്. മദ്യം ഉപയോഗിക്കുന്ന പുരുഷന്മാരാണെങ്കിൽ ആ വിവാഹബന്ധം തകർന്നതായിരിക്കും. മദ്യാസക്തി വിവാഹബന്ധ ത്തിന്റെ പരിപാവനതയും കെട്ടുറപ്പും തകർക്കുന്നു. വിവാഹനിയമ ങ്ങൾക്ക് ഒരു ഭീഷണിയും, വിവാഹമോചനത്തിനും വേർപിരിയലിനും കാരണമായിത്തീരും. അപ്പൻ മദ്യം ഉപയോഗിക്കുന്നതുമൂലം മക്കൾക്ക് സ്നേഹം നഷ്ടപ്പെടുന്നു. കുടുംബത്തിൽനിന്നും യാതൊരുബന്ധവു മില്ലാതെ കുട്ടികളുടെ മാനസികവികസനത്തിലും, വിദ്യാഭ്യാസത്തിനും സാമൂഹ്യബന്ധങ്ങൾക്കും പിതാവിന്റെ മദ്യപാനം കുടുംബത്തിനും പ്രതികൂലമായിത്തീരുന്നു. തകർന്ന കുടുംബാന്തരീക്ഷം കുട്ടികളെ സ്വഭാവദൂഷ്യങ്ങളിലേക്ക് നയിക്കുന്നു. മദ്യപാനിയായ അപ്പന്റെ കുട്ടി

കളിൽ സാമൂഹ്യവിരുദ്ധ പെരുമാറ്റങ്ങൾ പ്രകടമാണ്. മോഷണം, അക്രമ വാസന എന്നിവ കൂടുതലായിരിക്കും. കുട്ടികൾ പ്രായമാകുമ്പോൾ അപ്പന്റെ പാത പിൻപറ്റാൻ ഇടയാകും. അനേകർ കുഞ്ഞുങ്ങളുമൊത്ത് കുടുംബങ്ങളായി ജീവനൊടുക്കി കഷ്ടതയുടെയും കടക്കെണി യുടെയും നീരാളിപ്പിടുത്തത്തിൽ നിന്നും രക്ഷപ്പെടുവാൻ ശ്രമിക്കുന്നു. അനേകർ മദ്യത്തെയും മയക്കു മരുന്നുകളെയും ആശ്രയിച്ച് ജീവിതം ശൂന്യമാക്കുന്നു. കുടുംബബന്ധങ്ങൾ തകർക്കുന്നത് മദ്യപാനമാണ്. ജീവിക്കാൻ കഴിയാത്തതുകൊണ്ട് ആത്മഹത്യ ചെയ്യുന്നു.

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. (സദൃ.22:6) മദ്യമയക്കു മരുന്നുകൾക്കെതിരെ സമൂഹം ഉണരേണം. മക്കളെ ശാസിച്ചു ശിക്ഷി ക്കാൻ കഴിയാത്ത മാതാപിതാക്കൾ, വിദ്യാർത്ഥികളെ അനുസരിപ്പി ക്കാൻ കഴിയാത്ത അദ്ധ്യാപകർ, ഉപദേശിക്കാൻ കഴിയാത്ത പുരോ ഹിതൻ, നിയന്ത്രിക്കാൻ കഴിയാത്ത ഭരണാധികാരികൾ ഇതെല്ലാം സമൂ ഹത്തിന്റെ നിസ്സഹായതമാത്രം. മദ്യമയക്കുമരുന്നാസക്തിയും ജീർണ്ണിച്ച ജീവിതത്തിനും കാരണം മനുഷ്യനിലെ പാപമാണ്. പാപപങ്കിലമായ മനുഷ്യനെ പാപത്തിന്റെ സ്വാധീനത്തിൽ നിന്നു രക്ഷിച്ച് ഒരു പുതിയ സൃഷ്ടിയാക്കുന്ന പ്രക്രിയയാണ് യേശുക്രിസ്തു ചെയ്യുന്നത്. ഈ സന്ദേശം അറിയിക്കുവാൻ കർത്താവ് മനുഷ്യരെയാണ് ഏല്പിച്ചി രിക്കുന്നത്.

പഴയകാലത്ത് എല്ലാ മാതാപിതാക്കളും കുഞ്ഞുങ്ങളെ ദൈവ വഴിയിൽ നടത്തുവാൻ വളരെ ഉത്സാഹിച്ചിരുന്നു. വിശ്വാസികളായ മാതാപിതാക്കൾ കുഞ്ഞുങ്ങളെ പത്ഥ്യോപദേശത്തിൽ വളർത്തുന്ന തിൽ വളരെ ശ്രദ്ധിച്ചിരുന്നു. ബാല്യത്തിലെ അവർ തങ്ങളുടെ സ്രഷ്ടാ വിനെ അറിഞ്ഞു അവനായി ജീവിക്കണം എന്ന കാര്യത്തിൽ വളരെ ശ്രദ്ധാലുക്കളായിരുന്നു. നാം നമ്മുടെ മക്കളെ ചെറുപ്രായം മുതൽ ശിക്ഷിച്ചും അനുസരിച്ചും ദൈവഭയത്തിലും ദൈവവചനാടിസ്ഥാന ത്തിലും വളർത്തണം. കുഞ്ഞുങ്ങൾ ജനിക്കുംമുമ്പേ അവരെ ദൈവ കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കണം. ഹന്നായുടെ മാതൃക പിൻ തുടരുക, മാതാപിതാക്കൾക്കു മാതൃകയായിരിക്കണം. ബൈബിളിൽ മോശെയുടെയും ശമൂവേലിന്റെയും കാര്യങ്ങൾ പരിശോധിച്ചാൽ അവരുടെ മാതാപിതാക്കൾ വളരെ ഭയത്തോടും ദൈവവചനപ്രകാരവും അനുസരണത്തിലും വളർത്തിയതുകൊണ്ട് അവർ സമൂഹത്തിൽ

*ശേഷം പേജ് 18 കാണുക*

# ദൈവത്തിന്റെ ഗൃഹവിചാരകൻ

1 പത്രൊ.4:10 'ഓരോരുത്തന്നു വരം ലഭിച്ചതുപോലെ വിവിധമായുള്ള ദൈവകൃപയുടെ നല്ല ഗൃഹവിചാരകന്മാരായി അതിനെക്കൊണ്ട് അന്യോന്യം ശുശ്രൂഷിപ്പിൻ.'

നാം എല്ലാവരും ദൈവത്തിന്റെ ഗൃഹവിചാരകന്മാരാണ്. എന്നാൽ ഓരോരുത്തരും ഒരുപോലെയല്ല. ഓരോരുത്തർക്കും ഓരോരോ നിലയിലുള്ള കൃപാവരങ്ങൾ ലഭിച്ചിട്ടുണ്ട്. ഒരുത്തനു പ്രാർത്ഥിപ്പാൻ വരം, മറ്റൊരുത്തനു പ്രസംഗിപ്പാൻ വരം. ഒരാൾക്കു ശുശ്രൂഷിപ്പാൻ, മറ്റൊരാൾക്കു അതിഥിസൽക്കാരം ചെയ്യാൻ; ഒരാൾക്കു സംഗീത വാസന, മറ്റൊരാൾക്കു ദാനം ചെയ്യാനുള്ള വരം ഇങ്ങനെ പോകുന്നു കൃപാവരങ്ങൾ. ഒരു കൃപാവരവും ലഭിച്ചിട്ടില്ലെന്നു ആർക്കും പറയാൻ സാധ്യമല്ല. ഈ കൃപാവരങ്ങൾ ദൈവം നല്കിയതെന്തിനാണ്? ദൈവത്തിന്റെ ഗൃഹവിചാരകന്മാരായിരിപ്പാൻ (തീത്തൊ.1:7).

ഗൃഹവിചാരകന്മാരിൽ നിന്നു ദൈവം പ്രതീക്ഷിക്കുന്ന പ്രധാനപ്പെട്ട ഗുണമാണു വിശ്വസ്തത (faithfulness) (One of the most famous characteristic of Steward is faithfulness) 1 കൊരി. 4:2

-ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണം എന്നത്രേ.

വിശ്വസ്തരായ ഒട്ടനവധി ഗൃഹവിചാരകന്മാരെ നമുക്കു ബൈബിളിൽ കാണാം. അതിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ് യോസേഫ്. യഹോവ യോസേഫിനോടുകൂടെ ഇരുന്നതുകൊണ്ട് അവൻ കൃതാർത്ഥനായി (ഉൽപ.39:2). യഹോവ അവനോടു കൂടെയുണ്ടെന്നും അവൻ ചെയ്യുന്നതൊക്കെയും യഹോവ സാധിപ്പിക്കുന്നു എന്നും അവന്റെ യജമാനൻ കണ്ട് അവനെ ഗൃഹവിചാരകനാക്കി, തനിക്കുള്ളതൊക്കെയും അവന്റെ കൈയ്യിൽ ഏൽപിച്ചു. എന്നാൽ അവൻ വിശ്വസ്തനായിരുന്നതുകൊണ്ട് പോത്തീഫറിന്റെ ഭാര്യയുടെ ഇംഗിതത്തിനു വഴങ്ങിയില്ല. അതിനാൽ അവൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അവിടെയും അവനെ ദൈവം വിചാരകനാക്കി.

ഉൽപ.39:21-23 'എന്നാൽ യഹോവ യോസേഫിനോടു കൂടെ ഇരുന്നു, കാരാഗൃഹപ്രമാണിക്കു അവനോടു ദയ തോന്നത്തക്കവണ്ണം

അവനു കൃപ നല്കി. കാരാഗൃഹത്തിലെ സകല ബദ്ധന്മാരെയും കാരാഗൃഹ പ്രമാണി യോസേഫിന്റെ കൈയിൽ ഏല്പിച്ചു; അവരുടെ പ്രവൃത്തിക്കൊക്കെയും അവൻ വിചാരകനായിരുന്നു. യഹോവ അവനോടുകൂടെ ഇരുന്നു അവൻ ചെയ്തതൊക്കെയും സഫലമാക്കുകകൊണ്ട് അവന്റെ കൈക്കീഴുള്ള യാതൊന്നും കാരാഗൃഹപ്രമാണി നോക്കിയില്ല.'

*വിശ്വസ്തരായ ഗൃഹവിചാരകന്മാരിൽ പ്രമുഖനായ മറ്റൊരാളാണു ദാനീയേൽ.* എന്നാൽ ദാനീയേൽ ഉൽക്കൃഷ്ടമാനസനായിരുന്നതു കൊണ്ടു അവൻ അദ്ധ്യക്ഷന്മാരിലും പ്രധാനദേശാധിപന്മാരിലും വിശിഷ്ടനായി വിളങ്ങി; രാജാവ് അവനെ സർവ്വരാജ്യത്തിനും അധികാരിയാക്കുവാൻ വിചാരിച്ചു ......അവൻ വിശ്വസ്തനായിരുന്നതു കൊണ്ട് ഒരു തെറ്റും കുറ്റവും അവനിൽ കണ്ടെത്തിയില്ല (ദാനീ.6:3,4).

സിംഹക്കുഴിയിൽ ഇട്ടുകളഞ്ഞിട്ടും അവൻ തന്റെ ദൈവത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് അവനു യാതൊരു കേടും പറ്റിയില്ല. കാരണം ദൈവം തന്റെ ദൂതനെ അയച്ച് സിംഹങ്ങളുടെ വായടച്ചുകളഞ്ഞു. ദാനീയേൽ മനുഷ്യരോടു മാത്രമല്ല ദൈവത്തോടും വിശ്വസ്തനായിരുന്നു. രാജാവിനെയല്ലാതെ യാതൊരു മനുഷ്യനോടോ, ദേവനോടോ അപേക്ഷിച്ചാൽ അവനെ സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളയും എന്നൊരു രാജകല്പന ഉണ്ടായിരുന്നിട്ടും ദാനീയേൽ താൻ മുമ്പെ ചെയ്തിരുന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു (ദാനീ.6:10). ദാനീയേലിന്റെ വിശ്വസ്തത നിമിത്തം ദാര്യാവേശ് രാജാവു ദൈവത്തിൽ വിശ്വസിക്കുന്നതിനിടയായി. മാത്രമല്ല, രണ്ടു രാജാക്കന്മാരുടെ (ദാര്യാവേശ്, കോരശ്) ഭരണകാലത്തു ദേശം ശുഭപ്പെട്ടിരുന്നു. അവരും ദാനീയേലിന്റെ ദൈവത്തിൽ വിശ്വസിക്കുന്നതിനിടയായി.

*താലന്തുകളുടെ ഉപമയിൽ യജമാനൻ കണക്കു തീർത്ത നാളിൽ,* വ്യാപാരം ചെയ്തു നേട്ടമുണ്ടാക്കിയ ദാസനോട് യജമാനൻ പറയുന്നതു "നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക" എന്നാണ് (മത്താ.25:21).

*ഒരുനാളിൽ കാര്യവിചാരകത്തിന്റെ കണക്കു* നാം നമ്മുടെ യജമാനനായ ദൈവത്തെ ഏല്പിക്കേണ്ടിവരും (ലൂക്കൊ.16:1-13). അല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ. അത്യല്

പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ (ലൂക്കൊ. 16:10,11).

സ്വർഗ്ഗരാജ്യത്തിനു ശിഷ്യനായിത്തീർന്ന ഏതു ശാസ്ത്രിയും തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും എടുത്തുകൊടുക്കുന്ന ഒരു വീട്ടുടയവനോടു സദൃശ്യനാകും (മത്താ.13:52). ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതുതായിത്തീരുന്നു. അവൻ ദൈവവചനങ്ങളുടെ നിക്ഷേപങ്ങളിൽ സ്വാധീനമുള്ളവനായിത്തീരുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള ആത്മീയ സത്യങ്ങൾ മറ്റുള്ളവർക്കു പകർന്നു കൊടുത്ത് അവരെ ആശ്വസിപ്പിക്കുന്നവരായിത്തീരുന്നു.

പ്രിയ സഹോദരിമാരേ, നമ്മുടെ യോഗ്യമായ പ്രവർത്തനമേഖല ഭവനമാണ്. അവിടെ നമ്മുടെ ശുശ്രൂഷാരംഗങ്ങളിലും മക്കളെ വളർത്തുന്ന വിഷയങ്ങളിലുമൊക്കെ നാം ഗൃഹവിചാരകന്മാരായിരിക്കുന്നു. നമ്മെ ദൈവം ഏല്പിച്ചിരിക്കുന്ന ശുശ്രൂഷകൾ വിശ്വസ്തതയോടെ ചെയ്യുവാൻ ദൈവം നമുക്കു കൃപ നല്കുമാറാകട്ടെ.

**ജോയമ്മ സാംസൺ, കൊല്ലം**

---

*പേജ് 15 ന്റെ തുടർച്ച (ലഹരിക്കെതിരെയുള്ള ......)*

അറിയപ്പെട്ടവരായി. യിസ്രായേൽ ജനത്തിന്റെ രക്ഷകരായിത്തീർന്നു. മക്കളെ മദ്യത്തിനും ലഹരിക്കും അടിമകളാക്കാതെ ദൈവഭയത്തിലും വചനാടിസ്ഥാനത്തിലും വളർത്തുക. സണ്ടേസ്കൂൾ, യുവജനക്യാമ്പുകൾ സഭായോഗങ്ങൾ ഇവയിൽ സംബന്ധിപ്പിക്കുവാൻ വിടുക. എല്ലാവർക്കും, സഭയ്ക്കും, സമൂഹത്തിനും വരുംകാലങ്ങളിൽ കൊള്ളാകുന്നവരായിത്തീരട്ടെ. ഇപ്പോൾ ബസ്സ് സ്റ്റാൻഡുകളിൽ ലഹരിമാഫിയ സംഘം കുട്ടികളെ കാത്തു അവരെ വലയിലാക്കാൻ അവർ ശ്രമിക്കുന്നുണ്ട്. ആയതിനാൽ മാതാപിതാക്കൾ ഇടയ്ക്ക് അവർ ബസ്സുകയറുന്ന സ്ഥലം സന്ദർശിക്കണം. അവരറിയാതെ ഫോളോ ചെയ്യുക. മിഠായി രൂപത്തിൽ എന്തെങ്കിലും നല്കും.എന്നിട്ട് അവരെ വലയിൽ വീഴ്ത്തും. ലഹരിമാഫിയ പ്രണയം നടിച്ചു പെൺകുട്ടികളെയാണ് ഇവർ കൂടുതൽ ലക്ഷ്യമിടുന്നത്. നമ്മുടെ മക്കളുടെ പോക്കുവരവുകൾ മാതാപിതാക്കൾ ശ്രദ്ധിക്കണം. നമ്മുടെ മക്കളെ ദൈവവഴിയിൽ നടത്തി അവരുമായി കൂടുതൽ സമയം ചെലവഴിച്ച്, അവർക്കുവേണ്ടി പ്രാർത്ഥിച്ച് അവരുമായി സ്നേഹം പങ്കിടുവാൻ ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തുന്നു.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# ബോവസിന്റെ വയലിലെ ബാല്യക്കാരികൾ

*'ഭാഗ്യവശാൽ ബോവസിന്റെ വയലിൽ എത്തിയ രൂത്തിന്റെ അനുഭവം'.* വെറും കൈയോടെ കേവലം യിസ്രായേലിലെ ജീവനുള്ള ദൈവത്തിൽ മാത്രം ആശ്രയിച്ചു തന്റെ മാതാപിതാക്കളേയും ബന്ധുമിത്രാദികളേയും വിട്ട് വിധവയായ അമ്മാവിയമ്മയോടൊപ്പം ബേത്‌ലഹെമിലെത്തിയ മോവാബ്യസ്ത്രീയായ രൂത്ത് വിധവയായ ഒരു യുവ സ്ത്രീയായിരുന്നു. ബേത്‌ലഹെമിലെ ആളുകളേയൊ അവരുടെ ജീവിതരീതികളേയൊ യാതൊരു പരിചയവുമില്ലാതെ അന്യദേശത്തു പരദേശിയായി വന്നെത്തിയിരിക്കയാകുന്നു. അവൾ വന്ന സമയം അത്ര നല്ലതല്ലായിരുന്നു. ദൈവജനം എന്നറിയപ്പെട്ടിരുന്ന 'യിസ്രായേൽ', രാജാവോ, ന്യായാധിപന്മാരോ ഇല്ലാതെ ഓരോരുത്തൻ താന്താങ്ങൾക്കു ബോധിച്ചതുപോലെ ജീവിച്ചിരുന്ന കാലം (ന്യായാ.21:25). അവൾ കണ്ടെത്തിയ ഒരാശ്രയം 'യവക്കൊയ്ത്തിന്റെ കാലമായിരുന്നു' എന്നതുമാത്രം. അവൾ അമ്മാവിയമ്മയോടൊത്ത് ആ പാടത്തിലൂടെ നടന്നു വന്നപ്പോൾ അവൾ ഒരു തീരുമാനമെടുത്തു. ഏതെങ്കിലും ഒരു വയലിൽ ചെന്ന് തന്നോടു ദയ കാണിക്കുന്നവനെ ആശ്രയിച്ച് കതിർ പെറുക്കി ഉപജീവനം കഴിക്കുക! അന്നു രാത്രി അവൾ ശരിക്കും ഉറങ്ങിക്കാണുകയില്ല. അതിരാവിലെ എഴുന്നേറ്റു തന്റെ അമ്മാവിയമ്മയോടു തന്റെ മനസ്സുതുറന്ന് അനുവാദം ചോദിച്ചു. 'പൊയ്ക്കൊൾക മകളേ' എന്ന നൊവൊമിയുടെ വാക്കു കേൾക്കേണ്ട താമസം അവൾ ഓടി ആദ്യം കണ്ട വയലിൽ തന്നെ കയറി അവിടെ നിന്ന മേലാളോട് അനുവാദം വാങ്ങി കതിർ പെറുക്കാൻ തുടങ്ങി. അവൾ ആ വയലിൽ കണ്ട ചില പ്രത്യേകതകൾ അവളെ ഹഠാദാകർഷിച്ചു. ജോലിക്കാരെല്ലാം വളരെ സന്തുഷ്ടരായിരുന്നു. പാട്ടുകൾ പാടി ഉല്ലസിച്ചാനന്ദിച്ചായിരുന്നു അവർ കൊയ്ത കറ്റകൾ കെട്ടിക്കൊണ്ടിരുന്നത്. അവർക്ക് ഒരു മേലാളുണ്ടായിരുന്നു. അയാളുടെ നിബന്ധനകളനുസരിച്ചായിരുന്നു ബാല്യക്കാർ നിരനിരയായി തങ്ങളുടെ കൊയ്തു നടത്തിയിരുന്നത്. അവർ തമ്മിൽ തമ്മിൽ നല്ല ഐക്യതയുണ്ടായിരുന്നു. ആകാത്ത വാക്കുകളോ തമ്മിൽ തമ്മിൽ യാതൊരു ഇടർച്ചയോ കൂടാതെ ഐക്യതയിൽ വേല ചെയ്യുന്ന ബാല്യക്കാരികൾ.

അങ്ങനെ ഇരിക്കെ അതാ വരുന്നു വയലിന്റെ ഉടമസ്ഥനായ

ബോവസ്. ഉടനെ എല്ലാവരും കൊയ്ത്തു നിർത്തി. ബോവസ് അവരോട് 'യഹോവ നിങ്ങളോടുകൂടെ ഇരിക്കട്ടെ' എന്നു പറഞ്ഞ് ആശീർവദിക്കുന്നു. 'യഹോവ നിന്നെ അനുഗ്രഹിക്കട്ടെ' എന്ന് ഏകസ്വരത്തിൽ ജോലിക്കാർ അദ്ദേഹത്തെ അനുഗ്രഹിക്കുന്നു. നല്ല ദൈവഭയമുള്ള കൊയ്ത്തുകാരും യജമാനനും! മോവാബിലെ ജോലിക്കാർ ദൈവഭയമില്ലാത്ത അഹങ്കാരികളും ഊമവിഗ്രഹങ്ങളായ മിത്ഥ്യാമൂർത്തികളെ ആരാധിക്കുന്നവരുമാകുന്നു. ഇത്രമാത്രം ക്രമവും, ചിട്ടയുമുള്ള ഒരു വയൽ രൂത്ത് ആദ്യമായിട്ടാണ് കാണുന്നത്. അപരിചിതയായ അന്യദേശക്കാരിയെ കണ്ടപ്പോൾ യജമാനൻ എന്തു പറയും എന്ന ആശങ്കയിൽ നിന്ന രൂത്തിനെ നോക്കി; "കേട്ടോ മകളേ, പെറുക്കുവാൻ വേറൊരു വയലിൽ പോകേണ്ടാ, ഇവിടം വിടുകയും വേണ്ടാ; ഇവിടെ എന്റെ ബാല്യക്കാരത്തികളോടു ചേർന്നുകൊൾക. അവർ കൊയ്യുന്ന നിലത്തിന്മേൽ ദൃഷ്ടിവെച്ച് അവരുടെ പിന്നാലെ പൊയ്ക്കൊൾക; ബാല്യക്കാർ നിന്നെ തൊടരുതെന്ന് ഞാൻ അവരോടു കല്പിച്ചിട്ടുണ്ട്. നിനക്കു ദാഹിക്കുമ്പോൾ പാത്രങ്ങൾക്കരികെ ചെന്ന് ബാല്യക്കാർ കോരി വെച്ചതിൽ നിന്നും കുടിച്ചുകൊൾക" എന്ന വാക്കുകൾ കേട്ടപ്പോൾ അവളുടെ ശരീരമാകമാനം കുളിർ കോരിയിടുന്നതുപോലെ തോന്നി. അവൾ സാഷ്ടാംഗം വീണ് ആ യജമാനനെ വന്ദിച്ചു ആരാധിച്ചു. അവളുടെ ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു ഇങ്ങനെയുള്ള വാക്കുകൾ അവൾ കേട്ടത്. എത്ര നല്ല മനുഷ്യൻ! എത്ര നല്ല ഉപദേശം! ഞാനാഗ്രഹിച്ചതുപോലെ തന്നെ. അവളോടു ദയ കാണിക്കുന്ന ഒരു യജമാനൻ! ഇത്രമാത്രം അവളോടു ദയ കാണിക്കുവാൻ അവളിൽ എന്തു നന്മയാണ് ആ യജമാനൻ കണ്ടത്? അവളേക്കുറിച്ചുള്ള സകല വിവരങ്ങളും, അവൾ യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻകീഴിൽ മാത്രം ആശ്രയിച്ചാണ് തന്റെ നാടും വീടും കുടുംബക്കാരേയും വിട്ട് യിസ്രായേലിൽ വന്നിരിക്കുന്നതെന്ന വാർത്ത അദ്ദേഹം പട്ടണക്കാരിൽ നിന്നും അറിഞ്ഞിരിക്കുന്നു. എങ്ങനെ എങ്കിലും കുറച്ചു കതിർ പെറുക്കി വിശപ്പടക്കാനുള്ള യവം മാത്രം കൈക്കലാക്കാമെന്നേ രൂത്ത് കരുതിയുള്ളൂ. പക്ഷെ അവൾ ആ ബോവസിന്റെ വയലിൽ കണ്ട കാഴ്ച അവളെ അത്ഭുതപരതന്ത്രയാക്കി എന്നതാണത്ഭുതം! ഒരു അന്യജാതിക്കാരിയായിട്ടായിരുന്നില്ല ബോവസിന്റെ വയലിലെ യജമാനനും ജോലിക്കാരും അവളെ കരുതിയത്. 'മകളെ' എന്നുള്ള ബോവസിന്റെ വിളി അവളുടെ ഹൃദയത്തിനു നല്കിയ സാന്ത്വനം വർണ്ണനാതീതമായിരുന്നു. അവൾക്കവിടെ ലഭിച്ച സ്വീകരണവും, സുരക്ഷിതത്വവും, സ്വാതന്ത്ര്യവും,

ദാഹത്തിനു നല്ല ശുദ്ധജലവും, വിശപ്പിന് ആഹാരം, പ്രതീക്ഷിച്ചതിലുമധികം ധാന്യം കൈക്കലാക്കാനുള്ള അനുവാദം ഇവയൊക്കെ ബോവസിന്റെ വയലിലെ വിശേഷതകളായിരുന്നു. 'വേറൊരു വയലിൽ പോകേണ്ടാ' എന്ന് അദ്ദേഹം പറഞ്ഞത് മറ്റു വയലുകളിൽ ചെന്നാൽ ഇതു പോലൊരു സ്വാതന്ത്ര്യമോ സുരക്ഷിതത്വമോ സമൃദ്ധിയോ ലഭിക്കയില്ല എന്ന് ബോവസ് അറിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ബാല്യക്കാരികൾ സ്നേഹവും കരുതലുമുള്ളവരും ഒരു അന്യജാതിക്കാരി എന്നു പറഞ്ഞു അവളെ പുച്ഛിച്ചു തള്ളിപ്പറയുന്നവരുമായിരുന്നില്ല. യജമാനനിൽ നിന്നും നല്ല ഉപദേശങ്ങളും, ചിട്ടകളും, നിയമങ്ങളും പ്രാപിച്ച ബാല്യക്കാരികൾ. അവിടെയുള്ള ബാല്യക്കാർ അവളെ തൊടരുതെന്ന കർശനമായ താക്കീതു യജമാനൻ അവർക്കു നല്കിയിരിക്കുന്നു. ഇത്ര നല്ല വയലിൽ അവളെ എത്തിച്ച യിസ്രായേലിലെ ദൈവത്തെ അവൾ സ്തുതിച്ചു.

വിധവയായ, അപരിചിതയായ പരദേശിയായ ഒരു യുവതി എന്ന നിലയിൽ ബേത്ലഹെമിലെത്തിയ രൂത്തിനോടു ആദ്യമായി സംസാരിച്ച പുരുഷനായിരുന്നു ബോവസ്. 'മകളെ' എന്നു വിളിച്ചു പിതൃവാത്സല്യത്തോടെ സംസാരിച്ച ബോവസിന്റെ ഉപദേശങ്ങൾ രൂത്തിനെ എത്രമാത്രം സ്വാധീനിച്ചു എന്നു ചിന്തിക്കാവുന്നതാകുന്നു. തന്നോടു ദയ തോന്നിക്കുന്ന ഒരാളുടെ വയലിൽ ഒരുപിടി യവം മാത്രമേ അവൾ ആഗ്രഹിച്ചുള്ളൂ. അവൾക്കു ലഭിച്ചതോ ചോദിച്ചതിലും നിനെച്ചതിലും എത്ര അധികമായിരുന്നു! ബോവസിന്റെ വാക്കുകളും, അവൾ അനുകരിച്ച് അനുഗമിച്ച ബാല്യക്കാരികളുമായിരുന്നു രൂത്തിന്റെ അവലംബം. അവരിൽ നിന്നും ലഭിച്ച സ്നേഹം, കരുണ, കരുതൽ സഹായം എത്രയോ വിലയേറിയതും ആഴമേറിയതുമായിരുന്നു.!

പ്രിയമുള്ളവരേ, നമ്മെ സമീപിക്കുന്ന അപരിചിതരായ അവിശ്വാസികളോടുള്ള നമ്മുടെ സമീപനം എങ്ങനെയായിരിക്കുന്നു? നമുക്കു ലഭിച്ച ദൈവകൃപയും, ദൈവസ്നേഹവും, മഹാരക്ഷയും നാം അവരോടു പങ്കു വയ്ക്കാറുണ്ടോ? നമ്മുടെ സമീപനം, സംസാരം, അവരോടുള്ള നമ്മുടെ മനോഭാവം അവരെ ക്രിസ്തുവിലേക്കും അവൻ മൂലമുള്ള രക്ഷയിലേക്കും നയിക്കുവാൻ പര്യാപ്തമായവയാകുന്നുവോ? നമ്മുടെ കർത്താവായ നല്ല ബോവസിന്റെ വയലിലെ കൊയ്ത്തുകാരാകുന്നു നാം എന്നോർക്കുക. നമ്മെ അനുകരിക്കത്തക്ക മാതൃകയിലാകുന്നുവോ നമ്മുടെ ജീവിതം? എന്റെ ബാല്യക്കാരികളോടു ചേർന്നുകൊൾക എന്നു

*ശേഷം പേജ് 24 കാണുക*

# സാത്താൻ വിതയ്ക്കുന്ന വിത്ത്

ലോകത്തിൽ ജനിച്ചിട്ടുള്ള സകല മനുഷ്യഹൃദയങ്ങളിലും ഉള്ളതും അർബുദം പോലെ ശരീരത്തെ കാർന്നു തിന്നുന്നതുമാകുന്നു അസൂയ. ദൈവജനത്തിന്റെ ഇടയിൽ സാത്താൻ വിതയ്ക്കുന്ന കളയാണ് അത് എന്നു തിരിച്ചറിയാതെ അനേക ജീവിതങ്ങൾ നാശത്തിൽ വീഴുകയും ഒരിക്കലും കരകയറാൻ പറ്റാത്ത വിധത്തിൽ ശാരീരിക മാനസിക രോഗങ്ങൾക്കു അടിമപ്പെടുന്നു. അവർക്കു സമാധാനവും സന്തോഷവും ഒരിക്കലും അനുഭവിക്കാൻ കഴിയില്ല. പരകാര്യങ്ങൾ ചിന്തിച്ച് അവരുടെ ഹൃദയം എപ്പോഴും എരിഞ്ഞു കൊണ്ടിരിക്കും. അസൂയ എല്ലാ മനുഷ്യരിലും ഉണ്ടെങ്കിലും അതിന്റെ അളവിന് വ്യത്യാസം ഉണ്ടായിരിക്കും. മാത്രമല്ല അതിന് പലകാരണങ്ങൾ അവർ കണ്ടുപിടിക്കുന്നു. അപരന്റെ ഭാഗ്യം എന്റെ ദൗർഭാഗ്യമായും മറ്റുള്ളവർക്ക് ലഭിക്കുന്ന അംഗീകാരങ്ങൾ തനിക്ക് ലഭിക്കാതെ പോകുന്നതും ചിലർ ചിലരോടു കാണിക്കുന്ന സ്നേഹം തന്നോട് കാണിക്കാത്തതും ഇങ്ങനെ പോകുന്നു അസൂയയ്ക്കുള്ള കാരണങ്ങൾ. ഇതുമൂലം അപരൻ നശിച്ചുകാണുവാൻ ആഗ്രഹിച്ചു കാത്തിരിക്കുന്നവരുണ്ട്. അങ്ങനെ സ്വന്തം ജീവിതം മാത്രമല്ല മറ്റുള്ളവരുടെ ജീവിതത്തിലും പ്രശ്നങ്ങൾ ഉണ്ടാകുവാൻ ഇടയാകുന്നു.

ദൈവവചനത്തിൽ അസൂയയെക്കുറിച്ച് കാണുന്നുണ്ട്. കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊല്ലുവാൻ കാരണം തന്റെ സഹോദരനായ ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചതും. കയീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതെ ഇരുന്നത് കൊണ്ടു തന്നെ. അസൂയ മനുഷ്യനെ കോപത്തിലേക്കും അതു കൊലപാതകത്തിലേക്ക് നയിക്കുന്നു. യോസഫിനോട് അസൂയ തോന്നിയ അവന്റെ സഹോദരങ്ങൾ അവനെ പൊട്ടക്കിണറ്റിൽ തള്ളിയിട്ടു കൊല്ലുവാൻ ശ്രമിച്ചു എങ്കിലും ദൈവം അവനുവേണ്ടി ഒരുക്കിവെച്ചിരുന്ന പദ്ധതി നിറവേറ്റേണ്ടതിന് സഹോദരങ്ങൾ മിസ്രായേമ്യർക്കു വിറ്റുകളയുവാൻ തോന്നിപ്പിച്ചു.

ഫെലിസ്ത്യരെ സംഹരിച്ചു ശൗൽ മടങ്ങിവരുമ്പോൾ സ്ത്രീകൾ സന്തോഷത്തോടെ രാജാവിനെ എതിരേറ്റ് ചെന്നു വാദ്യഘോഷത്തോടെ ഗാനപ്രതിഗാനമായി പാടി. ശൗൽ ആയിരത്തെക്കൊന്നു ദാവീദ് 10,000 എന്ന് പാടി. അപ്പോൾ ശൗൽ ഏറ്റവും കോപിച്ചു. ഈ വാക്ക്

അവനു അനിഷ്ടമായി. അവർ ദാവീദിന് 10000 കൊടുത്തു. എനിക്ക് ആയിരം മാത്രമേ തന്നുള്ളൂ. ഇനി രാജത്വം അല്ലാതെ അവന് കിട്ടുവാൻ എന്തുള്ളൂ എന്ന് പറഞ്ഞു. അന്നുമുതൽ ദാവീദിനോട് കണ്ണുകടി തുടങ്ങി. പിന്നീടുള്ള ശൗലിന്റെ ജീവിതം ദാവീദിനെ വധിക്കുവാനുള്ള ശ്രമത്തിൽ മരുഭൂമിയിലും പർവ്വതങ്ങളിലും കാടുകളിലും കയറി ഇറങ്ങുകയായിരുന്നു. എന്നാൽ ദൈവം ദാവീദിനെ സംരക്ഷിക്കുകയും പില്ക്കാലത്ത് ഇസ്രായേലിൽ രാജാവായി തീരുകയും ചെയ്തു. ശൗൽ ആകട്ടെ സ്വന്തം വാളാൽ വീണു മരിക്കാതെ വന്നപ്പോൾ അമാലേക്യന്റെ കൈകൊണ്ട് കൊല്ലിക്കേണ്ടിവന്നു. ഇങ്ങനെ ദാരുണമായ ഒരു അന്ത്യം വരിക്കേണ്ടി വന്നു.

ലോകമനുഷ്യരുമായി ജോലി ചെയ്യുന്ന പല സ്ഥാപനങ്ങളിലും വിശ്വാസികൾ അവരുടെ ജോലികൾ ദൈവഭയത്തിൽ വിശ്വസ്തതയോടെ ചെയ്യുമ്പോൾ അവിശ്വാസികൾ ആയവരിൽ നിന്ന് ഇതുപോലുള്ള പല അനുഭവങ്ങൾ നേരിട്ടിട്ടുള്ളതായി കാണുന്നുണ്ട്. എന്നാൽ നേരോടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കയില്ല എന്ന കർത്താവിന്റെ വചനത്താൽ  ദൈവമക്കളോട് അസൂയ തോന്നി അകാരണമായി അവരെ ഉപദ്രവിച്ചാൽ അതിന്റെ അനന്തരഫലം അവർ അനുഭവിക്കേണ്ടി വരും എന്നുള്ളത് അനേക വിശ്വാസികളുടെ ജീവിതസാക്ഷ്യങ്ങളിൽ നിന്നും കേട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ജോലി സ്ഥലങ്ങളിൽ അസൂയ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ സാധാരണയാണ്. എന്നാൽ സഭാ വിശ്വാസികളുടെ ഇടയിൽ  സാത്താൻ അസൂയ എന്ന കള വിതയ്ക്കുമ്പോൾ അത് തിരിച്ചറിഞ്ഞു അതിനെ പിഴുതെറിയുവാൻ ദൈവമക്കൾക്ക് കഴിയണം. അല്ലെങ്കിൽ ദൈവനാമം അതിനാൽ ദുഷിക്കപ്പെടുവാൻ ഇടയാകും. 'നാം അന്യോന്യം പോരിന്നു വിളിച്ചും അന്യോന്യം അസൂയപ്പെട്ടുകൊണ്ട് വൃഥാഭിമാനികൾ ആകരുത്' ഗലാ. 5:26. അസൂയ മനുഷ്യരെ ദൈവത്തിൽ നിന്നും മനുഷ്യരിൽനിന്നും അകറ്റിക്കളയുന്നു. ആകയാൽ സകല ദുഷ്ടതയും, എല്ലാ ചതിവും, വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനമെന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (1 പത്രൊസ് 2:1).

ലേയ യാക്കോബിന് മക്കളെ പ്രസവിക്കുന്നു എന്ന് കണ്ടു റാഹേലിന് അതിന് കഴിയാതെ വന്നപ്പോൾ ലേയയോടു അസൂയ തോന്നി ഇത് കുടുംബച്ഛിദ്രത്തിന് കാരണമായിത്തീർന്നു ആദ്യകാലം മുതൽ സഹോദരിമാരുടെ ഇടയിൽ അസൂയ ഉള്ളതായി നമുക്ക് മനസ്സി

ലാക്കാം. കുടുംബങ്ങളിൽ, ജോലി സ്ഥലങ്ങളിൽ, കച്ചവടസ്ഥാപന ങ്ങളിൽ, രാഷ്ട്രീയക്കാരുടെ ഇടയിൽ മാത്രമല്ല ദൈവമക്കളുടെ ഇട യിൽപോലും ഇത് കണ്ട് വരുന്നു. എന്നാൽ വിശ്വാസഭവനങ്ങളിൽ ഇങ്ങ നെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പിശാച് കുടുംബം തകർക്കാൻ വേണ്ടി ഒരുക്കുന്ന ഒരു കെണിയാണ് എന്ന് മനസ്സിലാക്കി അസൂയയുള്ള വ്യക്തിയും, മറ്റു കുടുംബാംഗങ്ങളും അതിനായി പ്രാർത്ഥിക്കുമ്പോൾ കർത്താവ് ആ വ്യക്തിക്ക് അതിൽ നിന്ന് മോചനം കൊടുക്കുകയും ആ കുടുബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകുകയും ചെയ്യും.

**മഹേശ്വരി പുരന്ദരൻ**

---

*പേജ് 15 ന്റെ തുടർച്ച (ബോവസിന്റെ വയലിലെ...)*

നമ്മെ നോക്കി നമ്മുടെ കർത്താവു പറയത്തക്ക മാതൃകാ ജീവിതമാകുന്നുവോ നാം നയിക്കുന്നത്? ബോവസിന്റെ വയലിലെ ബാല്യക്കാരികൾ ബോവസിനെ അനുസരിക്കുന്നവരും, ബോവസിന്റെ ആജ്ഞയനുസരിച്ച് പ്രവർത്തിക്കുന്നവരുമായിരുന്നു. ബോവസിനു അവ രിൽ വിശ്വാസമുണ്ടായിരുന്നു. തങ്ങളുടെ യജമാനനെ അനുഗ്രഹിക്കു ന്നവരും, അനുസരിക്കുന്നവരുമായ ബാല്യക്കാരികൾ! അവരുടെ കൂടെ ഇരുന്നു ഭക്ഷിച്ചും, പാനം ചെയ്തും, കതിർ പെറുക്കിയും പകൽ മുഴുവൻ കഴിച്ച രൂത്ത് എത്ര സംതൃപ്തയായിട്ടായിരുന്നു നൊവൊമിയുടെ അടുക്കൽ എത്തിയത്. അവൾ കൊണ്ടുവന്ന യവവും, ഭക്ഷണവും കണ്ട പ്പോൾ നൊവൊമി ചോദിച്ചത്, 'നീ ഇന്ന് എവിടെയായിരുന്നു പെറുക്കിയത്? നീ എവിടെയായിരുന്നു വേല ചെയ്തത്? നിന്നോടു ആദരവു കാണിച്ചവൻ അനുഗ്രഹിക്കപ്പെട്ടവൻ'. എത്ര നല്ല സാക്ഷ്യം! ജീവനുള്ളവരോടും, മരിച്ചവരോടും, ദയവിടാതിരിക്കുന്ന യഹോവ യാൽ അനുഗ്രഹിക്കപ്പെട്ട ബോവസിന്റെ വയലിലെ അനുഭവങ്ങൾ എത്ര അനുഗ്രഹകരങ്ങളായിരുന്നു!

പ്രിയ സഹോദരിമാരേ, വിശ്വാസികൾ എന്നഭിമാനിക്കുന്ന നമ്മുടെ ജീവിതം അനേകം പാപികളെ നമ്മുടെ നല്ല കർത്താവിങ്കലേക്ക് ആകർഷിക്കപ്പെട്ടവിധം ആകുവാൻ നമുക്കു ഉത്സാഹിക്കാം. നമ്മുടെ ജീവിതമാതൃക അനുകരിച്ച് അനേകരെ നിത്യനാശത്തിൽ നിന്നും നിത്യസൗഭാഗ്യത്തിലേക്ക് ആനയിക്കത്തക്കതായിരിക്കട്ടെ. നമ്മിലേക്ക് വിരൽ ചൂണ്ടി നാം അങ്ങനെ തന്നെയാകുന്നുവോ എന്നു പരിശോ ധിക്കുവാൻ നമ്മെക്കുറിച്ചു കർത്താവു നല്ല സാക്ഷ്യം പറയാനിട യാകട്ടെ!

**എത്സി ബേബി, ന്യൂയോർക്ക്**

# വീട്ടമ്മ-വീട്ടിലെ പ്രധാനമന്ത്രി

ഇന്ത്യയുടെ രാഷ്ട്രത്തലവനെ രാഷ്ട്രപതി എന്നാണ് നാം വിളിക്കുന്നത്. പതിയെന്നാൽ ഭർത്താവ് എന്നാണർത്ഥം. എന്നാൽ ഇന്ത്യയെന്ന മഹാരാജ്യത്തെ അതിന്റെ എല്ലാ ഇല്ലായ്മകളിലും പ്രതിസന്ധികളിലും ഉന്തിത്തള്ളി മുന്നോട്ടു കൊണ്ടുപോകുന്നത് യഥാർത്ഥത്തിൽ പ്രധാനമന്ത്രിയല്ലേ? നമ്മുടെ പ്രധാനമന്ത്രിയുടെ നയങ്ങളും തീരുമാനങ്ങളും ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങളും ഒക്കെയല്ലേ ഇന്ത്യാ രാജ്യത്തിന്റെ പുരോഗതിയെ അധികം സ്വാധീനിക്കുന്നത്? പ്രധാനമന്ത്രി എടുക്കുന്ന നയപരമായ തീരുമാനത്തിൽ ഉണ്ടാവുന്ന ചെറിയൊരു പിഴവു പോലും രാജ്യത്തിന്റെ പുരോഗതിക്ക് വിലങ്ങുതടിയായി മാറുകയില്ലേ? അതുകൊണ്ട് നമ്മുടെ രാജ്യത്തെ പണിതെടുക്കുന്നതിൽ പ്രധാന പങ്ക് പ്രധാനമന്ത്രിക്കാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

കുടുംബം എന്നാൽ ഒരു സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റാണ്. അങ്ങനെയെങ്കിൽ ഒരു ഉത്തമ കുടുംബത്തെ പണിതെടുക്കുന്നതിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്നത് ഭാര്യയാണോ ഭർത്താവാണോ? മാങ്ങാണ്ടി ആണോ മാങ്ങയാണോ മൂത്തത് എന്ന ചോദ്യം പോലെയാണിതെന്ന് ചിലർക്കെങ്കിലും തോന്നിയേക്കാം. എന്നാൽ ബൈബിൾ പറയുന്നത്. ജ്ഞാനമുള്ള സ്ത്രീ വീടു പണിയുന്നുവെന്നും ഭോഷത്തം ഉള്ളവൾ അത് സ്വന്ത കൈകളാൽ പൊളിച്ചു കളയുന്നു എന്നുമാണ് (സദൃ.14:1) വീട്ടമ്മ ജ്ഞാനമുള്ളവൾ എങ്കിൽ ഒരു ഗൃഹനാഥനും കുടുംബം പൊളിച്ചു കളയുവാൻ കഴിയുകയില്ല. കൊടിയ മദ്യപാനികളായ, വീട്ടുകാര്യം നോക്കാത്ത എത്രയോ പുരുഷന്മാർ നമുക്ക് ചുറ്റിലുമുണ്ട്. ആ കുടുംബങ്ങളെ ഒക്കെ തകർന്നു പോകാതെ പിടിച്ചു നിർത്തുന്നത് ജ്ഞാനമുള്ള അഥവാ സുബോധമുള്ള വീട്ടമ്മമാർ തന്നെയാണ്. വേണ്ട കാര്യം വേണ്ട സമയത്ത് വേണ്ടതുപോലെ ചെയ്യുവാനുള്ള കഴിവുള്ള ആളെയാണ് ജ്ഞാനമുള്ള വ്യക്തി എന്ന്

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ എഴുതിയ "കുടുംബം നമ്മുടെ സ്നേഹക്കൂട്" എന്ന പുസ്തകത്തിൽ നിന്നും**

പറയുന്നത്. എന്നാൽ ഒരു വീട്ടമ്മ വിചാരിച്ചാൽ തന്റെ വീട് എളുപ്പത്തിൽ പൊളിച്ചുകളയാൻ കഴിയും.

നമ്മുടെ വീടുകളിലെ എട്ടു കൈയ്യുള്ള ജീവിയാണ് വീട്ടമ്മ. കൊച്ചുകുഞ്ഞിന്റെ മലമൂത്രവിസർജ്ജ്യം എടുക്കുന്നതു മുതൽ വലിയച്ഛന് പ്രഷറിന്റെ ഗുളിക എടുത്ത് കൊടുക്കുന്നതുവരെയുള്ള സകല ഉത്തരവാദിത്തങ്ങളും സമയബന്ധിതമായി ചെയ്തു തീർക്കണമെങ്കിൽ എട്ടു കൈകൾ ഉണ്ടെങ്കിലേ സാധിക്കയുള്ളു. വിദേശത്തുള്ള കുടുംബങ്ങളിൽ പുരുഷന്മാർ ഭാര്യമാരെ വീട്ടുജോലികളിൽ സഹായിക്കുന്നവരായതുകൊണ്ട് വീട്ടുജോലിയുടെ കഷ്ടപ്പാടുകൾ അവർക്കറിയാം. അതുകൊണ്ട് അവരുടെ ഭാര്യമാരെ മറ്റുള്ളവരുടെ മുമ്പിൽ വെച്ച് അഭിനന്ദിക്കുന്ന കാര്യത്തിൽ അവർ മുൻപന്തിയിലാണ്. എന്നാൽ നമ്മുടെ നാട്ടിലെ സ്ത്രീകൾ വീട്ടുജോലികൾ എത്ര കഠിനമായി നിർവ്വഹിച്ചാലും “നിനക്കെന്താടി ഇവിടെ ഇത്ര വലിയ ജോലി ഇരിക്കുന്ന”തെന്നാണ് പുരുഷന്മാരുടെ ചോദ്യം.

വീട്ടിലെ പ്രധാനമന്ത്രിയാണ് വീട്ടമ്മയെങ്കിലും കൂടെ അദ്ധ്വാനിക്കുവാൻ സഹമന്ത്രിമാർ ആരുമില്ല എന്നുള്ളതാണ് ഒരു ദുഃഖസത്യം. സത്യപ്രതിജ്ഞ (വിവാഹ ഉടമ്പടി) ചെയ്ത് അധികാരമേല്ക്കുന്നത് പ്രധാനമന്ത്രി മാത്രമാണെന്നു ചുരുക്കം. തന്റെ വീട്ടിലെ പ്രധാനപ്പെട്ട എല്ലാ വകുപ്പുകളും താൻ ഒറ്റയ്ക്ക് തന്നെ കൈകാര്യം ചെയ്യേണ്ടി വരുന്നു. ഉദാഹരണത്തിന് വീട്ടിലെ ആഭ്യന്തര വകുപ്പ് ( ക്രമസമാധാന പരിപാലനം) വീട്ടമ്മ തന്നെയാണ് നോക്കി നടത്തുന്നത്. കുടുംബത്തിലെ അച്ഛനും മക്കളും തമ്മിലുള്ള പ്രശ്നങ്ങളും മക്കൾ തമ്മിലുള്ള പ്രശ്നങ്ങളും രമ്യമായി പരിഹരിക്കുന്നതും ജ്ഞാനമുള്ള അമ്മമാർ തന്നെയാണ്. ഭക്ഷണകാര്യത്തിലോ വസ്ത്ര സംബന്ധമായോ കുടുംബത്തിൽ കശപിശ ഉണ്ടായാൽ അത് പരിഹരിക്കുന്നതും വീട്ടമ്മയല്ലേ?

കുടുംബത്തിലെ വിദ്യാഭ്യാസ മന്ത്രിയും വീട്ടമ്മ തന്നെയാണ്. കുഞ്ഞിനെ ആദ്യാക്ഷരം പഠിപ്പിക്കുന്നതും ആദ്യമായി ബൈബിൾ വാക്യം ചൊല്ലി പഠിപ്പിക്കുന്നതും ആദ്യമായി അച്ഛൻ, അമ്മ എന്നൊക്കെ വിളിക്കാൻ പഠിപ്പിക്കുന്നതും അമ്മ തന്നെയാണ്. ബഹുമാനം, സഹകരണം, അനുസരണം തുടങ്ങിയ സൽഗുണങ്ങൾ പഠിപ്പിക്കുന്നതും അമ്മയാണല്ലോ.

വീട്ടിലെ ധനകാര്യമന്ത്രി ആരാണ്? എന്താ സംശയം അതും വീട്ടമ്മ തന്നെ. വീട്ടിലെ ബജറ്റ് (വരവ് ചെലവ് കണക്ക്) തയ്യാറാക്കുന്നതും വീട്ടമ്മമാർ തന്നെയാണ്. സുബോധമുള്ള വീട്ടമ്മമാർ അറിഞ്ഞ് ചെലവുകൾ ക്രമീകരിക്കും. ഇല്ലെങ്കിൽ കുടുംബം കടക്കെണിയിലാകും.

വീട്ടിലെ ആരോഗ്യമന്ത്രി ആരാണെന്ന് ചോദിച്ചാൽ അതിന്റെ ഉത്തരവും വീട്ടമ്മ എന്നു തന്നെയാണ്. ഇളയ കുഞ്ഞിന്റെ ജലദോഷപ്പനി മുതൽ പ്രായമായവരുടെ മാരക രോഗങ്ങൾ വരെ വീട്ടമ്മയുടെ ശുശ്രൂഷാ പരിധിയിൽ വരുന്നതാണ്. പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്നത് മാത്രമല്ല ടോയ്‌ലറ്റ് ക്ലീനിംഗും വീട്ടിലെ ആരോഗ്യമന്ത്രിയുടെ ചുമതലയിൽ വരുന്നതാണ്.

വീടും പരിസരവുമെല്ലാം വൃത്തിയാക്കുന്ന പൊതുമരാമത്ത് വകുപ്പും വീട്ടമ്മമാർക്കായി സംവരണം ചെയ്യപ്പെട്ടതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ? എത്ര വലിയ ക്രമസമാധാന പ്രശ്നമുണ്ടായാലും അതിന്റെയിടയിൽ വീടും പരിസരവും വൃത്തിയാക്കിയില്ലെങ്കിൽ അതിന്റെ പഴി കേൾക്കുന്നതും വീട്ടമ്മ തന്നെയാണ്

ഇതൊക്കെ കേൾക്കുമ്പോൾ ചിലർക്ക് ഒരു സംശയമുണ്ടാകാം. ഇത്രയൊക്കെ ഭാരമേറിയ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുവാൻ ഒരു സാധാരണ വീട്ടമ്മയ്ക്ക് എങ്ങനെ കഴിയുന്നു എന്ന്. യാതൊരു സംശയവും വേണ്ട, ഇതെല്ലാം വേണ്ടതുപോലെ ചെയ്യുവാനുള്ള മാനസികവും, ശാരീരികവുമായ എല്ലാ കഴിവുകളും നല്കിയാണ് സ്ത്രീയെ ദൈവം സൃഷ്ടിച്ചത്. ധാരാളമായി കരയുവാനും പ്രാർത്ഥിക്കുവാനുമുള്ള കഴിവുപോലും ഇതിന്റെ ഭാഗമാണ്. നമ്മുടെ വീട്ടമ്മമാർക്ക് ആവശ്യം നമ്മുടെ പ്രാർത്ഥനയും, അംഗീകാരവും, പ്രോത്സാഹനവുമാണ്. അത് തക്കസമയത്ത് ലഭിച്ചില്ലായെങ്കിൽ എത്ര ശക്തനായ പ്രധാനമന്ത്രിയാണെങ്കിലും അവർ വിഷാദാവസ്ഥയിലേക്ക് എത്തിച്ചേരാൻ സാധ്യതയുണ്ട്. ഇതൊക്കെ വായിക്കുന്ന എന്റെ സഹോദരന്മാർക്ക് സ്വാഭാവികമായി ഒരു സംശയം തോന്നാം. അപ്പോൾ രാഷ്ട്രപതിക്ക് (ഗൃഹനാഥന്) വീട്ടിൽ ഒരു ഉത്തരവാദിത്തവുമില്ലേയെന്ന്? ഇപ്പോൾ നിങ്ങളോട് ഒരു കാര്യം കൂടി ഓർപ്പിച്ചുകൊണ്ട് നിർത്താം. ഒരു വിളക്കിലെ അഗ്നിനാളമാണ് വീട്ടമ്മയെങ്കിൽ, കാറ്റടിക്കുമ്പോൾ ആ അഗ്നിനാളം കെട്ടുപോകാതെ ഒരു ചിമ്മിനിപോലെ അതിനെ പൊതിഞ്ഞു സംരക്ഷിക്കേണ്ട കടമ ഓരോ ഗൃഹനാഥനുമുണ്ട്.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

## പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്. സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ

യേശു കൈവച്ച് ശിശുക്കളെ അനുഗ്രഹിക്കുവാൻ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നത് ശിഷ്യന്മാരിൽ പലർക്കും ഇഷ്ടമായില്ല. യേശുവിനു ശിശുക്കളോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും ലക്ഷ്യമായി ഇതിനെ കരുതുന്നു. ശിശുക്കളെ അനുഗ്രഹിച്ചത് സ്നാനത്തിനു തെളിവല്ല ദൈവരാജ്യം ശിശുക്കളുടെ സ്വഭാവം ഉള്ളവർക്കുള്ളതെന്നാണ് യേശു ഇവിടെ പറഞ്ഞിരിക്കുന്നത്. എന്നാൽ ഒരു കാര്യം സമർത്ഥിച്ചുകൊള്ളട്ടെ. ഇതൊരു സഭയുടെയോ സഭാവിഭാഗത്തിന്റെയോ ഉപദേശം അല്ല. വേദപുസ്തകമാണ് ഇതിന്റെ അടിസ്ഥാനം എന്ന് ഇതു വായിക്കുന്നുവർ ചിന്തിക്കണമേ!

ഞാൻ കണ്ടിട്ടുള്ള കാര്യം പറഞ്ഞുകൊള്ളട്ടേ. ഒരു ശിശുവിനെ മാമ്മോദിസാ മുക്കുന്ന സമയത്ത് അതിന്റെ കൈയ്ക്കു പിടിച്ച് വേറൊരാൾ പറയും ഞാൻ സാത്താനെ ഉപേക്ഷിച്ചു മശിഹായെ കൈക്കൊള്ളുന്നു. മുകളിൽ പറഞ്ഞതനുസരിച്ച് കുഞ്ഞുങ്ങൾക്കു പാപമുണ്ടോ? അവർക്കു മശിഹാ ആരെന്നോ സാത്താൻ ആരെന്നോ അറിവുണ്ടോ? രക്ഷിക്കപ്പെടാതെ ആരും സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല. കുഞ്ഞുങ്ങൾ രക്ഷിക്കപ്പെടേണ്ടതും ഇല്ല. ഒരു കുഞ്ഞു മരിച്ചാൽ അതിന്റെ ആത്മാവ് സ്വർഗ്ഗരാജ്യത്തിൽ തന്നെപോകും. സ്വർഗ്ഗരാജ്യം പാപിക്കുള്ളതല്ല. രക്ഷിക്കപ്പെട്ടവർക്കു മാത്രമുള്ളതാണ്. കുഞ്ഞുങ്ങളും പോകും. പാപിയാണ് രക്ഷിക്കപ്പെടേണ്ടത്. കൊച്ചുകുഞ്ഞുങ്ങൾ പാപികൾ അല്ല ജന്മപാപം കഴുകുവാൻ വേദപുസ്തകം പറയുന്നില്ല. അങ്ങനെയെങ്കിൽ അമ്മയുടെ വയറ് ആദ്യം കഴുകേണ്ടിയിരുന്നു. സ്നാനം പാപം കഴുകുന്ന ഒരു പ്രക്രിയയല്ല. കഴുകിയവർക്കുള്ളതാണ്. ഞാൻ പാപിയല്ലല്ലോ. പിന്നെ എന്തിനാണു ഞാൻ പാപം ഏറ്റുപറയേണ്ടതെന്ന് ആരും തെറ്റിധരിക്കരുത്. എല്ലാവരും പാപികളാണ്. ദാവീദു പറയുന്നു പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. യേശുക്രിസ്തു ഒരു ശിശുവിനെപ്പോലെ നാമും ആകണമെന്നു പറഞ്ഞിരിക്കുന്നു. ഞാനൊരു മർത്തോമ്മാ സമുദായത്തിൽ ജനിച്ചു വളർത്തപ്പെട്ട വ്യക്തിയാണ്. ആയതുകൊണ്ട് എന്നേയും പള്ളിയിൽ കൊണ്ടുപോയി മാമ്മോദിസ കഴിച്ചിരിക്കും. അങ്ങനെ ചെയ്തപ്പോൾ എന്റെടുക്കൽ ആരെങ്കിലും പ്രായം ഉള്ളവർ നിന്ന് എന്റെ കൈയ്ക്ക് പിടിച്ചിട്ട് പറഞ്ഞിരിക്കും.

'ഞാൻ സാത്താനെ ഉപേക്ഷിച്ചു മശിഹായെ കൈക്കൊള്ളുന്നു. എന്നാൽ എനിക്ക് സാത്താൻ ആരെന്നോ മശിഹാ ആരെന്നോ അറിയാമോ, അറിയാത്ത ഞാൻ എന്തിനായി ഉപേക്ഷിക്കണം. ഞാൻ ഉരുവായത് സാത്താനാലാണോ? എനിക്കൊരു തലതൊട്ടപ്പനും അമ്മയും ഉണ്ടായിരുന്നെങ്കിൽ തന്നെ അവരെ ഞാൻ കണ്ടിട്ടില്ല. അറിയുകയും ഇല്ല. ഒരു ഉപകാരവും അവരിൽ നിന്നും കിട്ടിയിട്ടും ഇല്ല. കാണാത്ത ആൾ എങ്ങനെ ദൈവാശ്രയത്തിൽ വളർത്തും. പിഞ്ചുകുഞ്ഞുങ്ങൾക്കു നന്മയും തിന്മയും തിരിച്ചറിയാമോ? അന്നു പറഞ്ഞതല്ലാതെ അവരെ കണ്ടല്ല ആ കുഞ്ഞുങ്ങൾ വളരേണ്ടത്. അവരുടെ മാതാപിതാക്കളാണ് ദൈവാശ്രയത്തിൽ അവരെ വളർത്തേണ്ടത്. മാതാപിതാക്കൾക്കുപോലും ദൈവാശ്രയത്തിൽ അവരെ വളർത്താമെന്ന് ഉറപ്പുകൊടുക്കുവാൻ പറ്റുകയില്ല. പറ്റുമായിരുന്നെങ്കിൽ ഇന്ന് അനുസരണം കെട്ട കുഞ്ഞുങ്ങൾ കാണുകയില്ലായിരുന്നു. മാതാപിതാക്കൾക്കു ചെയ്യുവാൻ കഴിയുന്നത് കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുക എന്നതാണ്. പോറ്റിവളർത്തിയാലും അനുസരണം കാട്ടണമെന്നില്ല. അനുസരിക്കാത്തവർ ധാരാളം ഉണ്ട്. എന്നു കരുതി എനിക്കുണ്ടെന്ന് ആരും തെറ്റിധരിക്കരുത്. അങ്ങനെ അവരെ വളർത്തുവാൻ ഏല്ക്കുന്നവർ ആ കുഞ്ഞിന്റെ മാതാവും പിതാവും മരിച്ചുപോയാൽ അവരെ വളർത്തുമോ? ഇതൊരു ചടങ്ങല്ലാതെ എന്താണ് ഇതിന്റെ പിന്നിൽ ഉള്ളത്. ഒരുനേരം ആഹാരം കൊടുത്ത് സ്വീകരിക്കുമോ? 'ഉടയവർ വെടിഞ്ഞാലവരെ പിന്നെ തൊടുകയില്ലൊരു നായും കിനാവിലും.' ഇങ്ങനെ ഇവരെ ഏല്ക്കുന്നവർ ഈസ്റ്റർ, ക്രിസ്മസ് ഇങ്ങനെയുള്ള പ്രത്യേക സമയത്തു മാത്രം പള്ളിയിൽ പോയി തിരുവത്താഴം എടുക്കുന്നവർ ആയിരിക്കും. കർത്താവു വരുവോളം അവന്റെ ഓർമ്മയ്ക്കായി ചെയ്യുവാൻ പറഞ്ഞിരിക്കുന്നു. കാലാവധി പറഞ്ഞിട്ടില്ലാത്തതിനാൽ ആണ്ടിൽ ഒരിക്കൽ ഓർത്താൽ മതിയാവും എന്നാണ് ചിന്ത?

ചിലർ ചിന്തിക്കുന്നു. ഒരുപാടു സൽപ്രവൃത്തികൾ ചെയ്താൽ സ്വർഗ്ഗത്തിൽ എത്താമെന്ന്. നമ്മുടെ പുണ്യപ്രവൃത്തികളെല്ലാം നീതിമാനായ ദൈവത്തിന്റെ ദൃഷ്ടിയിൽ കറപുരണ്ട തൂണി പോലെ മാത്രം. ദൈവം പരിശുദ്ധനാണ്. യാക്കോബിന്റെ ലേഖനത്തിൽ മാത്രം പിടിച്ച് നില്ക്കുന്നതു ശരിയല്ല. പ്രവൃത്തിയും വിശ്വാസവും ഒന്നിച്ചു പോകണം. വിശ്വാസമുള്ളവരാണ് പ്രവൃത്തിയും ചെയ്യേണ്ടത്. നല്ല പ്രവൃത്തിമാത്രം ചെയ്ത് സ്വർഗ്ഗത്തിൽ എത്തുന്നത് അസാദ്ധ്യമാണ്.

യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി ഉള്ളിൽ സ്വീകരിക്കണം. കർത്താവിനെ ഉള്ളിൽ ഇരുത്തണം. ഇരുത്തുമ്പോൾ പ്രവൃത്തിയും മാറും. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി. പഴയതെല്ലാം മാറിപ്പോകും. പുതുമനുഷ്യനായി മാറും.

കർത്താവു രണ്ടു കാര്യങ്ങൾ നമ്മെ ഏല്പിച്ചിട്ടുണ്ട് ലോകാവസാനത്തോളം ചെയ്യുവാൻ : 1. സ്നാനം 2. തിരുവത്താഴം (കർത്തൃമേശ) കർത്താവിന്റെ ഓർമ്മയ്ക്കായി തിരുവത്താഴം. കർത്താവു വന്നിട്ടില്ലായെന്നു അതു തെളിയിക്കുന്നു. വരുവോളം ചെയ്യണം. രണ്ടു കാര്യങ്ങൾ ഒരേ സ്ഥാനമുള്ളതു പറഞ്ഞാൽ പകുതി അനുഷ്ഠിക്കുന്നത് പൂർണ്ണ അനുസരണമോ? ഇതു കലക്കവെള്ളത്തിൽ പിടിച്ചുമുക്കുന്നതും പെന്തക്കോസ്തുകാർക്കുള്ളതും അല്ല. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും ചെയ്യണം. ദൈവത്തിന്റെ വചനമെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ ആരെയാണ് നാം പഴിക്കുന്നത് ദൈവത്തെയാണ്. അല്ലാതെ പെന്തക്കോസ്തുകാരെയല്ല. 'യേശുക്രിസ്തു യോർദ്ദാൻ നദിയിൽ സ്നാനപ്പെട്ടതു കലക്കവെള്ളത്തിലോ? താൻ പിതാവിനോടുള്ള അനുസരണം വ്യക്തമാക്കുന്നതിനായിട്ടാണ് സ്നാനം ഏറ്റത്. അല്ലാതെ തന്റെ പാപം കഴുകികളയുവാൻ അല്ലായിരുന്നു. എന്തിനാണ് ഈ സ്നാനം യേശുവിനോട് ചേരുവാൻ അവന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവ ഓർമ്മിപ്പിക്കുന്നു. ദൈവകല്പനയാണ്, കല്പനാലംഘനം പാപമാണ്. എന്നെ സ്നേഹിക്കുന്നവർ എന്റെ കല്പന പ്രമാണിക്കും. നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ കല്പനകളും പ്രമാണിക്കണം. നന്നായി ചിന്തിക്കുക പെന്തക്കോസ്തുകാരെ പഴിക്കാതിരിക്കുക. അവർക്കു പ്രത്യേകിച്ച് ദൈവവചനം ഇല്ല. എല്ലാവർക്കും വേദപുസ്തകം ഒന്നുതന്നെയാണ്. ചിന്തിക്കുമെന്നുള്ള ആഗ്രഹത്തോടെ എഴുതുന്നു. ചിന്തിച്ചിട്ട് ദൈവകല്പനയെന്നു ബോധ്യപ്പെട്ടാൽ തീർച്ചയായും ദൈവത്തെ അനുസരിക്കണം. ഷണ്ഡൻ വെള്ളമുള്ള സ്ഥലത്തെത്തിയപ്പോഴാണ് സ്നാനപ്പെടുത്തുവാൻ ഫിലിപ്പോസിനോട് ആവശ്യപ്പെട്ടത് (പ്രവൃത്തി. 8:30).

ആരെന്നെ കല്ലെറിഞ്ഞാലും ഞാൻ എന്റെ സ്വർഗ്ഗീയപിതാവിന്റെ മകളാകയാൽ എന്റെ സ്വർഗ്ഗീയപിതാവിനെ ഞാൻ സ്നേഹിക്കുന്നുവെങ്കിൽ ഈ സത്യം മറ്റുള്ളവരോടു പറഞ്ഞുകൊടുക്കുവാനുള്ള നൂറുശതമാനം കടപ്പാടും എനിക്കുണ്ട്. ഇതുവായിക്കുന്നവർ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്. എന്റെ കടമ ഞാൻ നിർവ്വഹിച്ചിരിക്കുന്നു. (ചിലരോടെങ്കിലും) നിർബ്ബന്ധം എന്റെ മേൽ

*ശേഷം പേജ് 32 കാണുക*

# എന്താണ് പാപം

ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടതാണ് പാപത്തിന്റെ അടിസ്ഥാന കാരണം. ഓരോരുത്തരുടെയും ഉള്ളിൽ ഉറങ്ങി കിടക്കുന്ന പാപവാസനകൾക്ക് ഒരുവൻ കീഴ്പ്പെടുമ്പോൾ ആണ് അത് അവനെ അതിന് അടിമയാക്കുന്നത്. പക്ഷേ ഒരുവന്റെ സമ്മതം ഇല്ലാതെ അത് സാദ്ധ്യമല്ല.

പാപത്തെക്കുറിക്കുവാൻ പഴയനിയമത്തിൽ പല പദങ്ങൾ ഉള്ളതിൽ ഒന്നാണ് ഹഥാത് എന്നത്. പുതിയനിയമത്തിൽ ഇതിന് തുല്യമായ പദം ഹമർട്ടിയ ആണ്. ഈ പദങ്ങളുടെ അർത്ഥം ദൈവഹിതത്തിൽനിന്ന് അഥവാ ദൈവിക ന്യായപ്രമാണത്തിൽ നിന്ന് മാറിപ്പോകുക എന്നതാണ്. അല്ലാതെ തെറ്റു ചെയ്യുവാനുള്ള ആന്തരിക പ്രേരണയെ അല്ല.

**പാപത്തിന്റെ ഉത്ഭവം എവിടെ നിന്ന്.**

പ്രപഞ്ചത്തിൽ പാപം ഉണ്ടായ വിധത്തെക്കുറിച്ചു വിവരിക്കാതെ പാപത്തെക്കുറിച്ചും പാപം മനുഷ്യജീവിതത്തിൽ ഉണ്ടായതിനെക്കുറിച്ചുമാണ് ബൈബിൾ വിശദമാക്കുന്നത്. തന്നിൽ വിശ്വസിക്കാതിരുന്ന യെഹൂദ ജനത്തോട് യേശു പറഞ്ഞത് 'നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ, നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു. അവൻ ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനും ആകുന്നു' (യോഹ. 8:44). ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ആദാമിന്റെയും ഹവ്വായുടെയും വീഴ്ചയ്ക്കു മുമ്പു തന്നെ പാപം ഉണ്ടായിരുന്നു എന്നതാണ്. ദൈവം ഒരിക്കലും പാപത്തിന് കാരണഭൂതൻ അല്ല. സർപ്പം പാപം ചെയ്യുവാൻ നിർദ്ദേശിക്കുകയും ഹവ്വ അത് അംഗീകരി ക്കുകയും ചെയ്തു (ഉൽപ 3). ദൈവകല്പനയുടെ നേർക്കുള്ള പ്രത്യക്ഷവും മനഃപൂർവ്വവുമായ അനുസരണക്കേടായിരുന്നു അത്.

**പാപത്തിന്റെ കഠിനത**

മനുഷ്യാത്മാവിലാണ് പാപം ഉണ്ടായതെങ്കിലും അതിന്റെ അനന്തരഫലം ഭൗതികപ്രപഞ്ചത്തെ മുഴുവൻ കീഴടക്കി പാപം കഠിന വിഷമാണ്. എന്നാൽ പാപത്തിന്റെ ഈ സ്വഭാവം ആദ്യം പ്രകടമാവുകയില്ല. നാം അകൃത്യത്തിൽ ഉരുവായി (സങ്കീ. 51:5) പാപത്തിന് മൂന്നു

പടികൾ ഉണ്ട്. ഒന്നാമതായി രഹസ്യപാപം, അസ്ഥികളിലെ അർബുദം പോലെയെങ്കിലും കപട ഭക്തികൊണ്ട് മറച്ചിരിക്കുന്നു. രണ്ടാമതായി തുറന്ന പാപം ഏറ്റവും പരുഷമായി പൊട്ടിപ്പുറപ്പെടുന്നു. ആദ്യത്തേത് അന്തർദുഷ്ടതയും രണ്ടാമത്തേത് വിസ്ഫോടനവും ആകുന്നു. മൂന്നാമതായി കൂടെക്കൂടെ ചെയ്യുന്നതും മനഃപൂർവ്വവുമായതാണ്. ഇത് ശരീരത്തെയും ആത്മാവിനെയും ബാധിക്കുന്ന കഠിനപാപമാണ്.

**എങ്ങനെ പാപത്തിൽനിന്ന് വിജയം പ്രാപിക്കാം?**

ആദാമിന്റെ വീഴ്ചയിലൂടെ ഉണ്ടായ പാപത്തിന്റെ സ്വഭാവവും കാഠിന്യവും വ്യക്തമായി ചിത്രീകരിക്കുന്നതൊടൊപ്പം അതിന്മേലുള്ള വിജയത്തെയും തിരുവചനം വ്യക്തമാക്കുന്നു.

'അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു (റോമർ 5:12) ഏകന്റെ ലംഘനം മനുഷ്യവർഗ്ഗത്തിന്റെ ഭാവിചരിത്രം മുഴുവൻ ഘനീഭൂതമായി ഉൾക്കൊള്ളുന്നു. 'ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവും അധിക മായി ജീവനിൽ വാഴും (റോമർ 5:17).

ദൈവം ക്രിസ്തുവിൽ പാപത്തെ കീഴടക്കി. ക്രിസ്തുവിലും അവൻ പൂർത്തിയാക്കിയ വേലയിലും വിശ്വസിക്കുന്ന ജനം പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്നും മോചിക്കപ്പെടുന്നു. ഹല്ലേലൂയ്യാ.

**കുഞ്ഞുമോൾ ഈപ്പച്ചൻ, തിരുവനന്തപുരം**

---

*പേജ് 30 ന്റെ തുടർച്ച (പൈതങ്ങളെ എന്റെ ...)*

കിടക്കുന്നു. ആയതിനാൽ പറഞ്ഞു തരാതിരിപ്പാനുള്ള യാതൊരു കുറുക്കുവഴിയും ഇല്ല. അങ്ങനെ കുറുക്കുവഴികൾ ഉപയോഗിക്കുന്ന ആളും അല്ല.

കലക്കവെള്ളത്തിൽ മുങ്ങിക്കയറട്ടേ എന്നൊക്കെ ആക്ഷേപി ക്കുന്നത് ആരെയെന്നു ചിന്തിക്കണം. ദൈവത്തെയും ദൈവവചന ത്തേയും ആണ്. ദൈവചനത്തോടു വിശ്വാസവും ഭയവും വേണം. ഈ വചനത്തിലാണ് തിരുവത്താഴവും (കുർബ്ബാന) സ്നാനം ഇവകൾ പറഞ്ഞിരിക്കുന്നത്. ഇത് ഒരു സഭയുടേയും ഉപദേശമല്ല. വേദപുസ് തകസത്യം മാത്രമാണ്. മനസ്സിൽ തോന്നുന്നതു സംസാരിക്കുകയല്ല. ഇതിനെക്കുറിച്ചു ഗാഢമായി ചിന്തിക്കുക.

**അന്നമ്മ സി. ജോൺ**

# ഇരുമ്പഴിക്കുള്ളിലേക്ക് ശമര്യക്കാരന്റെ സന്ദേശവുമായി...

"മഴ നല്ലതുപോലെ പെയ്യുന്നുണ്ടായിരുന്നു. പാതിരാക്കോഴി കൂവി". അകലെ പട്ടികൾ കുരയ്ക്കുകയും ഓലിയിടുകയും ചെയ്യുന്നത് കേൾക്കാമായിരുന്നു. ഞാൻ നല്ലതുപോലെ ഉറങ്ങിയതുമില്ല. മേരിയുടെ കല്യാണം ഉറച്ചിട്ട് ഒരാഴ്ച കഴിഞ്ഞു. ബദ്ധപ്പാടുകൾ വളരെയുണ്ട്. ഇനി അഞ്ചുദിവസമേ കല്യാണത്തിനു ബാക്കിയുള്ളൂ. എന്റെ മാപ്പിള നീണ്ട കോട്ടുവായിട്ടു. അങ്ങേർക്കു പ്രകാശം വീഴുമ്പോൾതന്നെ കട്ടൻകാപ്പി കുടിക്കണം. വെളുപ്പിനെ എഴുന്നേറ്റ് കുരിശു വരച്ച് കഴിഞ്ഞാലത്തെ ആദ്യത്തെ ചടങ്ങ് കാപ്പി അനത്തുകയാണ്.

അടുക്കളയിലേക്ക് ചെന്ന ഞാൻ ഞെട്ടിപ്പോയി വാതിൽ ഇളകി കിടക്കുന്നു. വെളിച്ചമില്ലാതെ ഞാൻ അകത്തെ മുറിയിലേക്ക് കയറി ച്ചെന്നു. എന്തിലോ തട്ടി വീണു. ശബ്ദം കേട്ട് ടോർച്ചുമായി വന്ന മകൾ നിലവിളിച്ചു. കാൽപ്പെട്ടി പൊളിഞ്ഞു കിടക്കുന്നു. 'അമ്മേ വീട്ടിൽ കള്ളൻ കയറി' എന്നവൾ നിലവിളിച്ചു. എന്റെ മാപ്പിളയും ഓടി വന്നു.

"പന്തലിൽ പണം കൊടുക്കാ"മെന്നു പറഞ്ഞാണ് മേരിയുടെ വിവാഹം ഉറപ്പിച്ചത്. പശുവിനെ വിറ്റു, സ്വർണ്ണം പണയം വച്ചു, ചിട്ടി പിടിച്ചു, വീട്ടുകാരിൽനിന്നെല്ലാം വായ്പ വാങ്ങി 4500 രൂപ സ്വരൂപിച്ചു പെട്ടിയിൽ വച്ചിരുന്നത് കള്ളൻ കൊണ്ടുപോയി. അവനെ ഇടിവെട്ടി യാലും പോരാ."

ദുഃഖവും നിരാശയും വൈരാഗ്യവും കലർന്ന സ്വരത്തിൽ കുഞ്ഞന്നം ചേടത്തി സംഭവം പറഞ്ഞു കേൾപ്പിച്ചു. ഭർത്താവ് രാവിലെ തന്നെ പോലീസിൽ വിവരം അറിയിക്കുവാൻ പോയി. തുടർന്നുള്ള സംസാരത്തിൽനിന്ന് കള്ളനെ പിടികൂടിയെങ്കിലും പണമൊന്നും കണ്ടുകിട്ടിയില്ലെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞു.

ഇരുണ്ട തടവറകളിൽ ദൈവവേല ചെയ്യുന്ന പ്രിസൺ ഫെലോഷിപ്പ് എന്നൊരു സംഘടനയുണ്ടെന്നറിഞ്ഞ് എത്തിയതാണ് കുഞ്ഞന്നം ചേടത്തി. ഏതായാലും ചില ഉദാരമനസ്കരെ സമീപിച്ച് മേരിയുടെ വിവാഹക്കാര്യം സംബന്ധിച്ച സാമ്പത്തികാവശ്യം പരിഹരിക്കുവാനും ആ വിവാഹം നടത്തുവാനും സാധിച്ചു.

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

ഒരു മോഷണം നടന്നു. ധനനഷ്ടം, മാനനഷ്ടം, ഉദ്ദേശിച്ചകാര്യം നടക്കുമോ ഇല്ലയോ എന്ന സംഘർഷം എന്നിവ വ്യക്തിക്ക്. ഒരു കുടുംബത്തിനും സ്വത്തിനും സുരക്ഷിതത്വം നഷ്ടപ്പെട്ടതിന്റെ ഭീതി സമൂഹത്തിന്. കള്ളനെ പിടിച്ചു കേസു തെളിയിച്ച് ശിക്ഷിക്കേണ്ടതിന്റെ തലവേദന അധികൃതർക്ക്. ജയിൽപുള്ളിയുടെ സംരക്ഷണവും ഖജനാവിനു വരുന്ന ബാദ്ധ്യതയും സർക്കാരിന് – ഒരു കുറ്റകൃത്യം നടന്നുകഴിഞ്ഞാലുള്ള നീണ്ട സംഭവപരമ്പരയാണിത്.

മുതൽ നഷ്ടപ്പെട്ടയാളിന് കള്ളനെ പിടിച്ചു കഴിഞ്ഞപ്പോൾ തെല്ലൊരാശ്വാസം. ശിക്ഷിച്ചു എന്നുകേട്ടപ്പോൾ സന്തോഷവും. അയാളുടെ നഷ്ടത്തിന്റെ ഒരംശംപോലും പരിഹരിക്കപ്പെട്ടിട്ടില്ല. നഷ്ടം വന്നത് നഷ്ടം തന്നെ. മാത്രമല്ല പരാതിയും അന്വേഷണവുമായി പോകണമെങ്കിലുള്ള ബദ്ധപ്പാടും ചെലവുകളും എല്ലാം നഷ്ടത്തെ വർദ്ധിപ്പിക്കുകയാണ്.

പതിനായിരം രൂപ അപഹരിച്ച കേസ്. മോഷ്ടാവിനെ പോലീസ് പിടിച്ചു. കേസ് വിസ്തരിച്ചു. അഞ്ചു വർഷത്തേക്ക് ശിക്ഷിച്ച് സെൻട്രൽ ജയിലിലാക്കി. ഈ തടവുകാരനെ അഞ്ചുവർഷം ജയിലിൽ സംരക്ഷിക്കുന്നതിന് ഗവൺമെന്റിനുള്ള ആകെ ചെലവ് 60,000 രൂപ വരും. ഈ പണം കൊള്ളയടിക്കപ്പെട്ടവനും കൂടി ഉൾപ്പെടുന്ന സമൂഹം നികുതിയായി നല്കുന്നതാണ്. അപ്പോൾ ആകെ നഷ്ടം 70,000 രൂപയായി.

കുറ്റക്കാരനെ പിടികൂടുന്നതും ശിക്ഷിക്കുന്നതും സമൂഹത്തിന്റെ ഭദ്രതയ്ക്ക് അത്യാവശ്യമാണ്. എന്നാൽ മുതൽ നഷ്ടം വന്നയാൾക്ക് ആരാണ് നഷ്ടപരിഹാരം നല്കേണ്ടത്? നമ്മുടെ നിയമത്തിന്റെ നൂലാമാലകൾ നഷ്ടം വന്നയാളെ കൂടുതൽ സാമ്പത്തിക നഷ്ടത്തിലേക്ക് നയിക്കുകയേയുള്ളൂ.

തടവുകാരനെക്കൊണ്ട് ജയിലിൽ ജോലി ചെയ്യിച്ച് ശമ്പളം നല്കുമ്പോഴും മുതൽ നഷ്ടപ്പെട്ടവന് ഈ നഷ്ടക്കഥ മാത്രം. കുറ്റം ചെയ്തയാൾക്ക് ശിക്ഷ നല്കണം. എന്നാൽ വരുത്തിയ നഷ്ടം നികത്തത്തക്ക നിലയിൽ എന്തെങ്കിലും പ്രതിവിധി കണ്ടെത്തേണ്ടതല്ലേ?

മുകളിൽ വിവരിച്ച മോഷണക്കേസിൽ കുഞ്ഞന്നം ചേടത്തിയുടെ വീട്ടിലുണ്ടായ നഷ്ടം 4500 രൂപയാണ്. അതിൽ പൊതുജനങ്ങൾക്കുള്ള സഹതാപം താൽക്കാലികവും, പിടികിട്ടിയ പുള്ളിയോടുള്ള വെറുപ്പും കോപവും നീണ്ടുനില്ക്കുന്നതുമാകുന്നു.

ഇവിടെ മൂന്നുകാര്യങ്ങൾ ഉണ്ടായി. ഒരു നഷ്ടം, കുറെ താൽക്കാലിക അനുകമ്പ, നീണ്ടുനില്ക്കുന്ന പകയും വിരോധവും. ഇന്നത്തെ

ശിക്ഷയ്ക്കു പകരമായി നഷ്ടപരിഹാരം വരുത്തുവാൻ കൊള്ളയടിച്ചവന് അവസരം നല്കണം. അവൻ അതിന് സ്വമേധയാ മുന്നോട്ടു വന്നാൽ നഷ്ടം പരിഹരിക്കപ്പെടുകയും കുറ്റവാളി സമൂഹത്തിൽ സ്വീകാര്യനായിത്തീരുകയും ചെയ്യും. കൊള്ളയടിക്കപ്പെട്ടവനെയും അവന്റെ മുതലിനെയും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമായുള്ള ഗവൺമെന്റ്, കുറ്റക്കാരൻ സ്വമേധയാ നഷ്ടപരിഹാരത്തിനു വന്നില്ലെങ്കിൽത്തന്നെയും നിർബ്ബന്ധിച്ച് അതു ചെയ്യിക്കുമ്പോൾ മാത്രമേ കർത്തവ്യനിർവ്വഹണത്തിൽ വിജയിക്കുന്നുള്ളൂ.

പോലീസ് സ്റ്റേഷനിൽ പരാതിവാങ്ങി, ചിലപ്പോഴെല്ലാം കുറ്റം തെളിയിച്ച്, ശിക്ഷിച്ച് കാലാവധി മുഴുവനും തടവുകാരനെ സംരക്ഷിക്കുക മാത്രമാണ് ഇന്നത്തെ വ്യവസ്ഥിതി. കുറ്റത്തെയും കുറ്റക്കാരനെയും നിയമത്തെയും ചുറ്റിപ്പറ്റി മാത്രമുള്ള നീക്കമായതിനാൽ മുതൽ നഷ്ടപ്പെട്ടവനെ സർക്കാരും മറന്നുകളയുന്നു. സമൂഹത്തിന്റെ അനുകമ്പയും താൽക്കാലികമാണ്. കുറേക്കൂടി സൂക്ഷിക്കണമായിരുന്നു എന്ന കുറെ പൊള്ള ഉപദേശങ്ങൾ മാത്രം നഷ്ടം വന്നവന് കലവറയില്ലാതെ ലഭിക്കുന്നു.

മറ്റൊരു സംഭവം ഒരു കൊലക്കേസ്. ഭാര്യയും അഞ്ചു മക്കളും വാർദ്ധക്യത്തിലെത്തിയ മാതാപിതാക്കളും ഉള്ള ഒരു കൂലിവേലക്കാരൻ കൊല്ലപ്പെട്ടു. ഈ മരണത്തോടെ എട്ടുപേർ നിരാശയിലും പട്ടിണിയിലുമായി. കൊല ചെയ്തവൻ ഗവൺമെന്റ് സംരക്ഷണയിലും. ഇവിടെ ജീവൻ നഷ്ടം വന്നത് നികത്താനാവില്ല. എന്നാൽ നഷ്ടത്തിന്റെ പില്ക്കാല പ്രത്യാഘാതങ്ങൾ പലതും പരിഹൃതമാണ്. കൊല ചെയ്തവനെ ശിക്ഷിക്കുവാനും സംരക്ഷിക്കുവാനും ഉള്ള ഗവൺമെന്റ് താൽപര്യം നല്ലതുതന്നെ. പക്ഷേ പട്ടിണിയിലായ എട്ടുപേരെ സംരക്ഷിക്കേണ്ടത് ഗവൺമെന്റിന്റെ കടമയല്ലേ? രണ്ടു കൃത്യനിർവ്വഹണത്തിനും ഒരുപോലെ പ്രാധാന്യം നല്കേണ്ടതാണ്.

കൊല്ലപ്പെട്ട മനുഷ്യന്റെ മക്കളിൽ ഒരാൾക്ക് ഏതെങ്കിലും ഒരു തൊഴിൽ നല്കി പട്ടിണിയിൽനിന്നും രക്ഷിക്കുവാൻ നമ്മുടെ ഗവൺമെന്റിന് തീർച്ചയായും കഴിയും. ജീവപര്യന്തം ശിക്ഷയ്ക്കു വിധിക്കപ്പെടുന്ന തടവുകാരന്റെ വേതനത്തിൽനിന്നും ഒരു ഭാഗം പട്ടിണിയിലായ കുടുംബത്തിന്റെ സംരക്ഷണത്തിന് ഉതകുന്ന നിലയിൽ വിനിയോഗിക്കുവാൻ കഴിയണം.

കുറ്റകൃത്യം മൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കടമ സർക്കാരിന്റേതാണ്. പബ്ലിക് സർവീസ് കമ്മീഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നിരവധി പേർക്ക് ജോലി നല്കുന്നു. വിവിധ പരിഗണനകളുടെ അടിസ്ഥാനത്തിലും കൂടിയാണിത്.

കുറ്റകൃത്യങ്ങളുടെ ഭവിഷ്യത്ത് അനുഭവിക്കുന്നവരെ സംവരണത്തിൽ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. ഇവർക്ക് അത്യാവശ്യ സഹായങ്ങൾ നല്കുവാൻ സാമൂഹ്യക്ഷേമവകുപ്പിന് കഴിയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബത്തിന് സംരക്ഷണം, മക്കൾക്ക് വിദ്യാഭ്യാസത്തിന് ആനുകൂല്യങ്ങൾ, തൊഴിലവസരങ്ങൾ എന്നിവ ഒരുക്കിക്കൊടുക്കുവാൻ സർക്കാരാണ് മുൻകൈ എടുക്കേണ്ടത്. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരെ സംരക്ഷിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് നല്ലൊരു പങ്കുവഹിക്കാനാവുമെന്നതും വിസ്മരിച്ചു കൂടാ. വേദനിക്കുന്നവരോട് അലിവുള്ള സമൂഹത്തെ വേണ്ടവിധം ഉപയോഗപ്പെടുത്തുക മാത്രമേ ഇവിടെ ആവശ്യമുള്ളൂ. ക്രൈം വിക്ടിംസിന്റെ പട്ടികയിൽ കുറ്റവാളികളുടെ കുടുംബത്തെയും പെടുത്തേണ്ടതുണ്ട്.

ഈദൃശ്യമായ സേവനം ക്രൈസ്തവ ധർമ്മമാണെന്ന് ക്രിസ്തുദേവൻ പഠിപ്പിക്കുന്നു. യെരുശലേമിൽ നിന്നും യെരീഹോവിലേക്കു പോയ മനുഷ്യനെ കള്ളന്മാർ ആക്രമിച്ചു കൊള്ളയടിക്കുകയും മുറിവേൽപ്പിക്കുകയും ചെയ്തശേഷം അർദ്ധപ്രാണനായി വഴിയിലിട്ടിട്ടു പോയി. അവന്റെ നിലവിളി കേട്ട് ഒരാളെത്തി – ആ നല്ല ശമര്യാക്കാരൻ.

ശമര്യാക്കാരൻ അയാളുടെ അടുക്കൽചെന്ന് മുറിവുകെട്ടി (വൈദ്യശുശ്രൂഷ). തന്റെ വാഹനത്തിൽ കയറ്റിക്കൊണ്ടുപോയി (ഗതാഗതം). അവനെ രക്ഷചെയ്തു (സുരക്ഷ). വഴിയമ്പലത്തിലാക്കി (താമസ സൗകര്യം) രണ്ടു വെള്ളിക്കാശ് എടുത്ത് വഴിയമ്പലക്കാരന് കൊടുത്ത് ഇവനെ രക്ഷചെയ്യണമെന്നു പറഞ്ഞു (സാമ്പത്തിക സഹായം). അധികം വല്ലതും ചെലവായാൽ താൻ മടങ്ങി വരുമ്പോൾ തന്നുകൊള്ളാമെന്നും (പില്ക്കാല ശുശ്രൂഷ) പറഞ്ഞു. ഈ ഉപമ മൂന്നു സാമ്പത്തിക നയങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. കള്ളന്മാരുടേത് (നിനക്കുള്ളതെല്ലാം എനിക്ക്), ലേവ്യന്റെയും പുരോഹിതന്റെയും (എനിക്കുള്ളതെല്ലാം എനിക്ക്), ശമര്യാക്കാരന്റേത് (എനിക്കുള്ളതെല്ലാം നമുക്ക്), മൂന്നാമത്തെ നയം അനുവർത്തിക്കുകയെന്നാണ് യേശു ഉപദേശിച്ചത്.

നമുക്കുള്ളതുകൊണ്ട് ചിലരുടെ മുറിവിൽ തലോടാം. പ്രഥമ ശുശ്രൂഷ ചെയ്യാം. ശാരീരികമായും മാനസികമായും സാമ്പത്തികമായും ആഘാതമേറ്റവരെ ശുശ്രൂഷിക്കാം. ഇതാണ് പ്രിസൺ ഫെലോഷിപ്പ് ഇന്ത്യയുടെ മുഖ്യ മുദ്രാവാക്യം. ആക്രമിക്കപ്പെട്ട്, കൊള്ളയടിക്കപ്പെട്ട് സമൂഹത്തിൻ ഒറ്റപ്പെട്ടുപോയ നിർഭാഗ്യവാന്മാരുടെ രക്ഷയ്ക്കെത്തുക യാണ് സംഘടനയുടെ ദൗത്യം

**കുഞ്ഞുമോൻ ചാക്കോ, കോട്ടയം**

## GOOD NEWS MINISTRIES

**Akkulam Road, Trivandrum-695011**

Bible Quiz Award Presented with joy by the Good News Ministries, to



**Mr. C.M. Mammen, Mumbai**

"Chraisthava Vanitha" which is a publication of Good News Ministries, Trivandrum, has been conducting since its inception a Quiz (QUEST) Competition for its readers. Among all the participants,

**Mr. C.M. Mammen, Mumbai,**

has been Successful in the maximum number of competitions, securing First Place. He is felicitated by

**Dr. Charles John, Director**

and the staff of Good News Ministries, with this memento as a token of appreciation and recognition.

## GOOD NEWS MINISTRIES

**Akkulam Road, Trivandrum-695011**

Bible Quiz Award Presented with joy by the Good News Ministries, to



**Mrs. Annamma Abraham, Kochi**

"Chraisthava Vanitha" which is a publication of Good News Ministries, Trivandrum, has been conducting since its inception a Quiz (QUEST) Competition for its readers. Among all the participants,

**Mrs. Annamma Abraham, Kochi**

has shown remarkable consistency and success, securing Second Place. just below the highest. She is felicitated by

**Dr. Charles John, Director**

and the staff of Good News Ministries, with this memento in appreciation and recognition.

Bible Quiz

## ഈ ലക്കം Quest 2-ലെ ചോദ്യങ്ങൾ എസ്രാ, നെഹെമ്യാവ് എന്നീ പുസ്തകങ്ങളിൽ നിന്നുമാണ്.

1. എസ്രാ ആരുടെ മകനായിരുന്നു?
2. യെരുശലേമിൽ പാർത്ത പേരെസിന്റെ പരാക്രമശാലികളായ മക്കൾ എത്ര?
3. തോബിയാവിനോടും സൻബല്ലത്തിനോടും ഒപ്പം കൂടി നെഹെമ്യാവിനെ ഭയപ്പെടുത്തുവാൻ നോക്കിയ പ്രവാചകി ആര്?
4 പ്രവാസത്തിൽ നിന്നും മടങ്ങിവന്ന യിസ്രായേൽ മക്കൾ പെസഹ ആചരിച്ചത് എന്നാണ്?
5. എസ്രാ യിസ്രായേൽ ജനം കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചത് എവിടെ വച്ച്?
6 മഹ്ലിയുടെ പുത്രന്മാരിൽ വിവേകമുള്ള പുരുഷൻ ആര്?
7. ആരുടെ അറയിൽ ചെന്നാണ് എസ്രാ ഭക്ഷണം കഴിക്കാതെ രാപാർത്തത്?
8. കോരെശ് രാജാവ് കല്പന കൊടുത്ത ചുരുൾ എവിടെയാണ് കണ്ടെത്തിയത്?
9. യെരുശലേമിന്റെ മീൻവാതിൽ പണിതത് ആര്?
10. ദൈവാലയത്തിനു മുമ്പിൽ വീണുകിടന്നു പ്രാർത്ഥിച്ചത് ആര്?
11. കോരെശിന്റെ ഭണ്ഡാരവിചാരകൻ ആര്?
12. അർത്ഥഹ്ശഷ്ടാ രാജാവിന്റെ വനവിചാരകൻ ആര്?
13. യെരുശലേംമതിൽ പണിയുന്നവരുടെ കൂട്ടത്തിൽ പേർ പറഞ്ഞിരിക്കുന്ന തൈലക്കാരനാര്?
14. നെഹെമ്യാവിന്റെ പിതാവിന്റെ പേര് എന്ത്?
15. ഇവൻ പലരേക്കാളും വിശ്വസ്തനും ദൈവഭക്തനും ആയിരുന്നു. ആര്?
16. സെരുബ്ബാബേലിന്റെ നേതൃത്വത്തിൽ പണിത യെരുശലേം ദൈവാലയത്തിന് അടിസ്ഥാനം ഇട്ടത് ആര്?
17. ബാബേൽ പ്രവാസത്തിൽ നിന്നും മടങ്ങിയെത്തിയ യെരീഹോ നിവാസികൾ എത്ര?
18. നെഹെമ്യാവ് ദൈവാലയ അറകൾക്ക് മേല്വിചാരകനാക്കിയത് ആരെ?
19. കൈക്കൂലി വാങ്ങി നെഹെമ്യാവിനെതിരെ കള്ളപ്രവചനം നടത്തിയത് ആര്?
20. ദശാംശത്തിന്റെ ദശാംശം ദൈവത്തിന്റെ ആലയത്തിലെ ഭണ്ഡാരഗൃഹത്തിന്റെ അറകളിൽ കൊണ്ടുവരേണ്ടത് ആര്?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 2-ന്റെ ഉത്തരങ്ങൾ 2025 ആഗസ്റ്റ് 30-നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ, വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ** : 9087144349

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

Good News Educational Society
P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891) for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**